# വാഴ്ത്തപ്പെട്ട ചാവറ

## കേരളസഭാ സമുദ്ധാരകൻ

### പുസ്തകം രണ്ട്

Fr. Nandhikara
*30000708*
K91.1 C163 V2

...ധാരണ ദൗത്യം
(...രാവലോകനം)

...ിഷ്യസ് സി. എം. ഐ

708

Printed and Published By
The C M I General Department
For The Media of Communications
Prior General's House - Kochi-682 011
1990

J08.

# Bl. Kuriakose Elias Chavara

Kerala Sabha Samudharakan, Vol II

(Malayalam)

By

**Fr. CANISIUS C. M. I.**

Rights Reserved

Published March 1990

By

The C M I General Department

For The Media Of Communications

Prior General's House

Kochi - 682 011

*Printed at* : Matha Printers

Kochi - 682 017

Tel. 369421

# മുഖവുര

ഒന്നാം പുസ്തകം വാ. ചാവറയുടെ വ്യക്തിത്വത്തിലേക്കുള്ള ഒരു എത്തിനോട്ടമായിരുന്നു. ഈ രണ്ടാം പുസ്തകം കൊണ്ട് ഉദ്ദേശിക്കുന്നത് അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണത്തിന്റെ ഒരവലോകനമാണ്.

ചാവറയെപ്പററിയുള്ള ദൈവത്തിന്റെ പ്ലാൻ, കുടുംബത്തിലും കളരിയിലും, നിഗൂഢമായിരുന്നുവെങ്കിലും, പത്താം വയസിൽ, അത് തെളിയുവാൻ തുടങ്ങി. സെമിനാരി ജീവിതത്തിന്റെ ആരംഭത്തിൽത്തന്നെ, അത് വ്യക്തമായി. അവിടെ വച്ച് ആ വെല്ലുവിളിക്കുത്തരിക്കുവാനുള്ള ഒരുക്കങ്ങളും നടന്നു.

വൈദികനായ ഉടനെ ചാവറ പ്രവർത്തനനിരതനായി. കേരളസഭയെ, അതിന്റെ ദയനീയമായ വന്ധ്യതയിൽ നിന്നുദ്ധരിച്ച്, ഫലസമൃദ്ധയാക്കുവാനുള്ള അദ്ദേഹത്തിന്റെ അത്യദ്ധ്വാനങ്ങൾ, പ്രാതികൂല്യങ്ങളെയെല്ലാം അതിജീവിച്ച്, അവസാനം വിജയം വരിച്ചു.

# വിഷയസൂചിക


പേജ്

I ആരംഭം -
ദൈവത്തിൻെറ നിഗൂഢതയിൽ 2

..കുടുംബത്തിൽ
-കളരിയിൽ

II തെളിവായ പ്രകാശം 4

-സെമിനാരിയിൽ:
-ആഹ്വാനവും സമർപ്പണവും 7
-അണിയറയിലെ ഒരുക്കം 9
-ആദ്ധ്യാത്മികതയിൽ അതികായൻ
-നിത്യപുരോഹിതനോട് സാരൂപ്യം 11
-പരോന്മുഖത 13

III -പ്രവർത്തന രംഗത്തേയ്ക്ക് 13

-വൈദികപട്ടവും ആദ്യത്തെ അനുഭവവും
1 ദർശനഭവനനിർമ്മാണം 14
2 കുടുംബങ്ങൾക്ക് പ്രാർത്ഥനോന്മുഖത 22

| | | |
|---|---|---|
| 3 | പ്രാർത്ഥനപ്പുസ്തകങ്ങൾ, സൽഗ്രന്ഥങ്ങൾ | 23 |
| 4 | വായനപഠിക്കാൻ പള്ളിക്കൂടങ്ങൾ | 24 |
| 5 | ഉത്തമ വൈദികരെ ലഭിക്കാൻ സെമിനാരികൾ | ,, |
| 6 | വൈദികർക്ക് കാ. നമസ്കാരപുസ്തകം | 26 |
| 7 | ,, പൂജാർപ്പണസഹായം | ,, |
| 8 | സ്ത്രീകൾക്കും ദർശനഭവനം | ,, |
| 9 | സന്യാസിനീസന്യാസികൾക്ക് കുറുക്കുവഴി | 27 |
| 10 | സഭാപിളർപ്പിനെതിരെ പോരാട്ടം | ,, |
| 11 | ഭാവിസുരക്ഷിതത്വത്തിന് മുൻകരുതൽ | 30 |
| IV | **അനന്തരവികാസം** | 37 |
| V | **വിജയവും ട്രോഫിയും** | 39 |
| VI | **വിജയരഹസ്യം** | 40 |
| | ഉപസംഹാരം | 43 |
| | അനുബന്ധം : പൗരസ്ത്യ (സീറോ മലബാർ), കർമ്മലീത്താ, ഭാരതീയ പാരമ്പര്യങ്ങൾ | 45 |

# വാ. ചാവറ
# കേരളസഭാ സമുദ്ധാരകൻ
## പുസ്തകം രണ്ട്
### സമുദ്ധാരണ ദൗത്യം
(ഒരവലോകനം)

''ഇവൻ പ്രസംഗപീഠത്തിൽ കയറുമ്പോൾ, ഒരു സിംഹമായിരിക്കും!'' പള്ളിപ്പുറം സെമിനാരി റെക്ടർ, പാലയ്ക്കൽ തോമാ മല്പാൻ, തന്റെ ഒരു ശിഷ്യനെ സംബന്ധിച്ച്, പലരോടും, ഇങ്ങനെ അഭിമാനപൂർവ്വം സംസാരിക്കുമായിരുന്നു. ആ ശിഷ്യനാണ് ഇന്ന്, ''അൾത്താരയിലെ ലില്ലിപുഷ്പം'' എന്നറിയപ്പെടുന്ന വാ. ചാവറ. സ്നാപകയോഹന്നാന്റെ പിതാവായ സക്കറിയാ തന്റെ പിഞ്ചുകുഞ്ഞിനെ–സ്നാപകയോഹന്നാനെ–സംബോധന ചെയ്തു പറഞ്ഞു: ''കുഞ്ഞേ, നീ അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും'' (ലൂക്ക. 1-76). ആ പ്രവചനത്തിന്റെ യാഥാർത്ഥ്യം, യോഹന്നാന്റെ സ്വരം വനാന്തരങ്ങളിൽ മാറ്റൊലിക്കൊണ്ടപ്പോൾ, ഇസ്രായേൽ ജനത്തിന് അനുഭവവേദ്യമായി. പാലയ്ക്കൽ മല്പാന്റെ പ്രവചനത്തിന്റെ യാഥാർത്ഥ്യം, ചാവറയുടെ സ്വരം കേരള ദേവാലയങ്ങളിൽ മുഴങ്ങിയപ്പോൾ, കേരള സഭയ്ക്കും അനുഭവവേദ്യമായി.

ആ വിജയത്തിന്റെ ഒരു ട്രോഫിയുമായി, അദ്ദേഹം അൾത്താരയിലേക്കുയർന്നപ്പോൾ, കേരള സഭാമാതാവിന്റെ ഹൃദയം കുളിർത്തു.

പ്രസ്തുത വിജയത്തിന്റെ രഹസ്യത്തിലേക്കുള്ള ഒരു എത്തിനോട്ടത്തോടുകൂടി, ഈ അവലോകനം സമാപിക്കുന്നു. വാ. ചാവറയുടെ ജീവിതത്തെ ആദ്യം സ്വാധീനിച്ചിരുന്ന ത്രിവിധ പാരമ്പര്യങ്ങളുടെ ഒരു ചെറുവിവരണം അനുബന്ധമായി ചേർത്തിട്ടുണ്ട്.

# I. ആരംഭം - ദൈവത്തിൻെറ നിഗൂഢതയിൽ

**കുടുംബത്തിൽ**

ചരിത്രം ആരംഭിക്കുന്നത് കേരളത്തിലെ കൈനകരിയിൽ, ചാവറ കുടുംബത്തിലാണ്. ആ കുടുംബനാഥനായ കുറിയാക്കോസിൻെറയും ഭാര്യ തോപ്പിൽ മറിയത്തിൻെറയും മകനായി, 1805 ഫെബ്രുവരി 10-ാം തീയതി, കഥാനായകൻ ഭൂജാതനായി. മാമ്മോദീസായിൽ, കുറിയാക്കോസ് എന്ന പേരു നല്കപ്പെട്ടു. മൂത്ത സഹോദരനോടും നാലു സഹോദരിമാരോടുംകൂടെ, കുറിയാക്കോസ്, മാതാപിതാക്കൻമാരുടെ ലാളനയിൽ, ഒന്നിച്ചു വളർന്നു. അവർ പരസ്പരം വളർത്തി.

മുലപ്പാലോടുകൂടി, അമ്മയുടെ വചനാമൃതവും, അതിലൂടെ ദൈവപുത്രത്വത്തിൻെറ ചൈതന്യവും പകർന്നെടുക്കുവാൻ കുറിയാക്കോസിനു സാധിച്ചു. തത്ഫലമായി അദ്ദേഹത്തിനു ലഭിച്ച ആഴമായ അനുഭവമാണ്, ദൈവത്തോടുള്ള അദ്ദേഹത്തിൻെറ സംഭാഷണം വ്യക്തമാക്കുന്നത്: ''അങ്ങയുടെ മകൻ എന്ന പാവന നാമത്തിന് ഞാൻ അർഹനല്ല. എങ്കിലും ''അപ്പാ'' എന്നല്ലാതെ അങ്ങയെ വിളിക്കാൻ എൻെറ ഹൃദയം അനുവദിക്കുന്നില്ല'' (ധ്യാനസല്ലാ. p. 17).

തൻെറ വത്സല ജനനിയുടെ പരിശീലന വൈഭവത്തെ, വാർദ്ധക്യദശയിൽ, ദൈവത്തോടുള്ള സംഭാഷണമദ്ധ്യേ, ചാവറ അനുസ്മരിക്കുന്നു:

''അന്നവരംക്കു നീ നൽകിയ സ്നേഹത്താൽ,
അമൃതപാനംതന്നു വളർത്തുമ്പോഠം,
അതിനോടു കലർത്തി ജപങ്ങളും,
അപ്പോഠംത്തന്നെ ഗ്രഹിപ്പിച്ചു തന്നവരം''.
(ആത്മാനു. 2/46)

**കളരിയിൽ**

അഞ്ചാം വയസ്സിൽ, അക്കാലത്തെ നടപ്പനുസരിച്ച്, കുറിയാക്കോസ് ആശാന്റെ കളരിയിൽ പഠനമാരംഭിച്ചു. അമ്മയുടെ അധരങ്ങളിൽനിന്ന് ശ്രവിച്ച ദിവ്യമായ ആഭിജാത്യത്തിന്റെ ഭാഷയല്ല, വിജാതീയനായ ഗുരുവിന്റെ അധരങ്ങളിൽനിന്ന് അവൻ ശ്രവിച്ചത്. തന്റെ സതീർത്ഥ്യരായിരുന്ന വിജാതിയ ബാലികാബാലൻമാരുടെ സംസാരവും ചാപല്യങ്ങളും തന്റെ കുടുംബാന്തരീക്ഷത്തിലെ ക്രിസ്തീയ ആഭിജാത്യത്തിന് അനുയോജ്യമല്ലായിരുന്നു. ഈ അനുഭവങ്ങളെല്ലാം സമാഹരിക്കുന്ന ചാവറയുടെ ഈരടിയാണ് താഴെ കാണുന്നത്:

''കൺതുറക്കുന്ന കാഴ്ചയും കേഠംവിയും,
കാണുന്നതൊക്കെ കന്മഷസാധനം''
(ആത്മാനു. 4/106)

ഈ കളരിയനുഭവമായിരിക്കണം വളരുന്ന തലമുറയുടെ പ്രാഥമിക വിദ്യാഭ്യാസം ക്രിസ്തീയാന്തരീക്ഷത്തിൽ നടക്കാൻ ക്രമീകരണം ഉണ്ടായേതീരൂ എന്ന നിഗമനത്തിലേക്ക് ചാവറയെ നയിച്ചത്. സീറോ മലബാർ സഭയുടെ നേതൃത്വ ദൗത്യം തനിക്കേൽപ്പിക്കപ്പെട്ടപ്പോഠം, ഓരോ ഇടവകയോടനുബന്ധിച്ചും

പള്ളിക്കൂടം സ്ഥാപിച്ചുകൊള്ളണം എന്ന ഉറച്ച നിലപാട് അദ്ദേഹം സ്വീകരിച്ചതിന്റെ രഹസ്യം ഇതായിരിക്കണം.

വി. കൊച്ചുത്രേസ്യയ്ക്ക് ഇത്തരം ഒരു പാഠം ചെറുപ്പത്തിലേ പഠിക്കുവാൻ സാധിച്ചുവെന്ന് പുണ്യവതി രേഖപ്പെടുത്തുന്നുണ്ട്:

''കർത്താവെനിയ്ക്കു നൽകിയിട്ടുള്ള അനുഗ്രഹങ്ങളിൽ വച്ച് ഏററവും വലുത്, എനിയ്ക്ക് നാലുവയസ്സുള്ളപ്പോൾ, അവിടന്നു നല്കിയതാണ്. അന്ന്, ലോകത്തിന്റെ പൊള്ളത്തരം അവിടന്ന് എന്നെ ഗ്രഹിപ്പിച്ചു'' സ്ക്കൂളിലെ സതീർത്ഥ്യരിൽനിന്നുണ്ടായ ഒരനുഭവത്തിൽ നിന്ന് പുണ്യവതി പഠിച്ചപാഠത്തെപ്പററിയാണ് സൂചന. പിന്നീട് സന്യാസഭവനത്തിൽ വച്ച്, അത്തരമൊരനുഭവമുണ്ടായപ്പോൾ (സ്വയംകൃത ചരിത്രത്തിൽ അത് രേഖപ്പെടുത്തിയിട്ടുണ്ട്) അക്ഷോഭ്യയായി, അത് സ്വീകരിക്കുന്നതിന്, നാലുവയസ്സിൽത്തന്നെ പഠിച്ച ആ പാഠം അവളെ സഹായിച്ചു.

ബാല്യത്തിലേ അനുഭവത്തിൽ നിന്ന്, എന്നേയ്ക്കുമുള്ള പാഠം പഠിച്ച രണ്ടു ബുദ്ധി ജീവികൾ!

## II തെളിവായ പ്രകാശം

**സെമിനാരിയിൽ**

പത്താം വയസ്സിൽ, തന്റെ വൈദിക വിളിയെപ്പററി, ചാവറ ബോധവാനായി. അന്ന്, പള്ളിപ്പുറം

സെമിനാരി റെക്ടറായിരുന്ന പാലയ്ക്കൽ തോമാ മല്പാനായിരുന്നു ആ സദ്വാർത്തയുടെ ദൗത്യ വാഹകൻ. ദൈവഹിതത്തിന്, നന്ദിപൂർവ്വം, ചാവറ തല കുനിച്ചു. സെമിനാരി പ്രവേശനത്തിന് ഒരുക്കമായി. കുറെ ദിവസങ്ങൾ, ചേന്നങ്കരി, വി. യൌസേപ്പിൻെറ ദേവാലയത്തിൽ, ബ. വികാരിയച്ച ൻെറ സംരക്ഷണയിൽ ജീവിക്കുക എന്ന നിർദ്ദേശവും ചാവറ സസന്തോഷം സ്വീകരിച്ചു. അതു സംബന്ധിച്ചു, പിന്നീട് അദ്ദേഹം ഇങ്ങനെ എഴുതി: ''തൻെറ പുത്രൻെറ വളർത്തു പിതാവായ (''കൈത്താതനായ'') വി. യൌസേപ്പിൻെറ (''മാർജൂസ്സേയുടെ'') ദേവാലയത്തിൽ (കോവിലിൽ പരിപോക്ഷിതനാകുവാനുള്ള (മേയുവാനുള്ള) അനുഗ്രഹം അവിടന്ന് എനിക്ക് നല്കി.''

''നിൻപുത്രൻെറാ കൈത്താതനാം മാർജൂസ്സേ
തൻെറനാമധേയത്തിൽ കോവിലാം
എൻെറാ മേയ്വിൻ സ്ഥലത്തിൽ ചേർത്തുനീ''
(ആത്മാനു. 5/132)

### അന്നത്തെ കേരളാസഭാചരിത്രം

സെമിനാരിയിൽ ചേർന്നതിനുശേഷം, തൻെറ അഭിവന്ദ്യ ഗുരുവിൻെറ അധരങ്ങളിൽ നിന്ന് ചാവറയ്ക്ക് ലഭിച്ചതും ചാവറ തന്നെ കണ്ടു മനസ്സിലാക്കിയതും, അന്നത്തെ കേരളസഭയുടെ ദയനീയരൂപമാണ്. പത്തൊമ്പത് നൂററാണ്ടു പിന്നിട്ടിട്ടും, കേവലം വന്ധ്യയായി കഴിഞ്ഞിരുന്ന കേരള സഭ! വികസിതമായ സഭയുടെ ലക്ഷണങ്ങളൊന്നും അ

വളിൽ കാണുന്നില്ല. വൈദികർക്കുപോലും ഒരു സന്യാസഭവനമില്ല. മിക്കവരും വടക്കു നോക്കി കളെപ്പോലെ, ബാബേലിൽ നിന്ന് സുറിയാനി മെത്രാൻമാരെ നോക്കിപ്പാർത്തുകഴിഞ്ഞിരുന്നു. മിശിഹായുടെ രക്തത്താൽ രക്ഷിക്കപ്പെട്ട അജഗണം, തീക്ഷ്ണതാരഹിതരായി, അനിശ്ചിതാവസ്ഥയിൽ കഴിഞ്ഞു കൂടുന്നു. സമുദായത്തെ സമൂലം തളർത്തുന്ന ഛിദ്രപ്രവണതകളുടെ ഒരു കേളീരംഗം!

തൻമൂലം, തിരുസഭയിൽ നിന്നയക്കപ്പെട്ട അംഗീകൃതരായ മെത്രാൻമാരെ, വൈദികരും ജനങ്ങളും സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. നിർബന്ധത്താൽ മാത്രം അവരെ അനുസരിക്കുന്നു. സജീവ വിശ്വാസം ഒരിടത്തും ദൃശ്യമല്ല. അധികാരികളോടു ആത്മാർത്ഥ സ്നേഹമില്ല. അതുകൊണ്ട്, അവരുടെ അദ്ധ്വാനമെല്ലാം വളക്കൂറില്ലാത്ത തരിശുനിലത്തെന്നവണ്ണം, ഫലശൂന്യമായിത്തീരുന്നു. ക്രിസ്തുശിഷ്യത്വത്തിൽ നിന്ന് ഉൽഭൂതമാകുന്ന സുകൃതജീവിതത്തിന് സ്ഥിരപ്രതിഷ്ഠ ലഭിക്കാത്ത ഒരു പാഴ്നിലം! വളരെ താമസിച്ചു മാത്രം വിശ്വാസം സ്വീകരിച്ച മററു രാജ്യങ്ങളിലും, ചില ദ്വീപുകളിൽപ്പോലും, പുണ്യാത്മാക്കൾ പെരുകിവരുന്നു. പത്തൊമ്പതു നൂററാണ്ടു പിന്നിട്ടിട്ടും, കേരളസഭയ്ക്ക് ഒരു പുണ്യവാൻെറയോ പുണ്യവതിയുടെയോ മാതാവാകുവാനുള്ള ഭാഗധേയം ലഭിച്ചിട്ടില്ല.

(നാളാഗ. PP. 1, 173 - 176)

ഇതായിരുന്നു ചാവറ കണ്ട കേരളസഭയുടെ ഏക

ദേശരൂപം! മദ്ധ്യശതകത്തിൽ, അസ്സീസിയിലെ വി. ഫ്രാൻസീസ് കണ്ട ആഗോളസഭയുടെയും, പത്തൊമ്പതാം നൂററാണ്ടിൽ, ഫ്രാൻസിൽ, ചാവറയുടെ സമകാലീനനായിരുന്ന വി. ജോൺ വിയാനി കണ്ട ആർസ് ഇടവകയുടെയും ദാരുണതയെ അതിശയിക്കുന്ന ദുർഭഗത!

ആഹ്വാനവും സ്വയം സമർപ്പണവും

മുകളിൽപ്പറഞ്ഞ വിശുദ്ധരെപ്പോലെ, തൻെറ മുമ്പിൽ ഉയർന്നുനില്ക്കുന്ന ഒരു വെല്ലുവിളിയായി കേരളസഭാചിത്രം ചാവറയ്ക്കു ദൃശ്യമായി. അതിനുത്തരം നല്കാൻ, തന്നെ ക്ഷണിക്കുന്നു ദൈവത്തിൻെറ നാമത്തിൽ, അതിനായി തുനിഞ്ഞിറങ്ങി.

ആർസിലെ ദേവാലയത്തിൽ, യുവവൈദികനായിരുന്ന ജോൺ വിയാനി, ദിവ്യകാരുണ്യസന്നിധിയിൽ, മനോവ്യഥയോടെ പ്രാർത്ഥിച്ചു: ''കർത്താവേ, ഈ ജനത്തെ മാനസാന്തരപ്പെടുത്തണമേ; അതിനായി ഞാൻ എന്തും ചെയ്തുകൊള്ളാം. ഇതിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ലായിരുന്നു ചാവറയുടെ പ്രാർത്ഥന. അതിൻെറ സംക്ഷേപമാണ് രാജാക്കൻമാരുടെ രാജാവിനോട് (കേസരീരാജനോട്'') അവിടത്തെ സത്യമതം (''സുമതം'') കേരളം ആസകലം ദർശിക്കുവാൻ ഇടവരുത്തണം (''കാണാകേണം'') എന്ന അഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്:

''കേസരീ രാജൻ നീ, നിന്നുടെ സുമതം
കേരളമൊക്കെയും കാണാകേണം''

(ആത്മാനുതാപം : 21 / 25 - 26)

ഇളകി വീഴാറായ ആഗോളസഭയെ സുവിശേഷ ദാരിദ്ര്യമാകുന്ന അടിസ്ഥാനത്തിൽ, ആഴമായി ഉറപ്പിക്കുവാനുള്ള ദൗത്യവുമായി വി. ഫ്രാൻസീസ് അസ്സീസി രംഗപ്രവേശം ചെയ്തു. അതേ സമയം, അതേ ഉദ്ദേശ്യത്തോടെ ഇറങ്ങിപ്പുറപ്പെട്ടവരാണ് വാൾഡെസും കൂട്ടരും. ഇവർ തിരഞ്ഞെടുത്ത വൈദിക വിദ്വേഷത്തിന്റെയും അധികാര വിമർശനത്തിന്റെയും സമരായുധങ്ങൾ ഫ്രാൻസീസിനു സ്വീകാര്യമായിരുന്നില്ല ദാരിദ്ര്യ ജീവിതത്തിന്റെ സജീവ മാതൃകയോടൊപ്പം, അദ്ദേഹം സ്വീകരിച്ചത്, വൈദിക ബഹുമാനത്തിന്റെയും അധികാര വിധേയത്വത്തിന്റെയും മാർഗ്ഗമായിരുന്നല്ലോ.

ഇതേ മാർഗ്ഗമാണ് കേരള സഭയെ വന്ധ്യതയിൽനിന്നുദ്ധരിച്ച് ഫലസമൃദ്ധയാക്കുക എന്ന തന്റെ ദൗത്യനിർവ്വഹണത്തിനായി ചാവറയും ബോധപൂർവ്വം തിരഞ്ഞെടുത്തത്. മുകളിൽക്കാണിച്ച പ്രാർത്ഥനാ ചൈതന്യത്തോടുകൂടി, ദൈവപരിപാലനാ വൈഭവത്തിൽ കണ്ണടച്ചു വിശ്വസിച്ചുകൊണ്ട്, വൈദിക ബഹുമാനത്തിന്റെയും അധികാരവിധേയത്വത്തിന്റെയും മാർഗ്ഗം - ആ വീതികുറഞ്ഞ വഴി - അഗ്നിപാഥയായി മാറിയാലും, അതിലേ മാത്രമേ ചരിക്കൂ എന്ന ദൃഢനിശ്ചയത്തോടെയാണ്, ചാവറയും രംഗത്തിറങ്ങിയത്.

**തയ്യാറെടുക്കൽ – അണിയറയിൽ**

അതിനുള്ള തയ്യാറെടുക്കലായിരുന്നു ചാവറയുടെ സെമിനാരി ജീവിതം. തന്റെ ഗുരുവായ പാലയ്ക്കൽ മല്പാനെപ്പോലെ, ദൈവാരൂപിയാൽ നിറഞ്ഞവനും പണ്ഡിതനുമായ ഒരു വൈദികനാകുവാനുള്ള ചാവറയുടെ ആത്മാർത്ഥമായ പരിശ്രമത്തെ ''കേസരിരാജൻ'' കനിഞ്ഞ് ആശീർവ്വദിക്കുക തന്നെ ചെയ്തു.

സെമിനാരി ജീവിതത്തിന്റെ ആദ്യഘട്ടത്തിൽത്തന്നെ, വൈകാരികവും, മാനസികവും ആദ്ധ്യാത്മികവുമായ പക്വതയ്ക്ക് സാക്ഷ്യം നൽകിയ ആ ജീവിതത്തെപ്പററി, ചാവറയുടെ ആദ്യത്തെ ജീവചരിത്രകാരനായ ലെയൊപ്പോൾഡ് മിഷനറിയുടെ പ്രസ്താവന മാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: ''ഇപ്പോഴും ജീവിച്ചിരിക്കുന്ന അയാളുടെ സെമിനാരിക്കൂട്ടരായ കത്തനാരച്ചൻമാർ സാക്ഷിക്കുംവണ്ണം, കൊച്ചു കുറിയാക്കോസ് ദൈവ ഊഴിയത്തിന്റെ ലാക്കല്ലാതെ മറെറാരു വിചാരവും കൂടാതെ, പഠിത്തത്തിലും ദൈവ പേടിയിലും വിശേഷതാല്പര്യമുള്ളവനായിരുന്നു''.

**ആദ്ധ്യാത്മികതയിൽ അതികായൻ**

1818-ൽ 13 വയസ്സു മാത്രം പ്രായമുള്ളപ്പോഴാണ്, ചാവറ ആസ്തപ്പാടു പട്ടം സ്വീകരിക്കുന്നത്. അന്നുതന്നെ സ്വജനങ്ങളാൽ തിരസ്കൃതനായ ദിവ്യഗുരുവിന്റെ അനുഭവം, ആ യുവശിഷ്യനു ലഭിച്ചു. അക്കാലത്തെ നടപ്പനുസരിച്ച്, സ്വന്തം ഇടവ

കയായ ചേന്നംകരി പള്ളിയിൽ, ആഘോഷമായ സ്വീകരണത്തിനെത്തിയ ശമ്മാശ്ശനെ സ്വീകരിക്കുവാൻ, ഇടവകക്കാരും വികാരിയും, ഏതോ കാരണത്താൽ, സൗമനസ്യം കാണിച്ചില്ല. തിരസ്കൃതനായ കഥാനായകൻ തിരിച്ചുപോയി. ആ പ്രതിസന്ധിയിൽ, ആലപ്പുഴ ഇടവകക്കാർ, ശമ്മാശ്ശന് സ്വീകരണം നൽകാൻ സസ്നേഹം മുന്നോട്ടു വന്നു. അതിനുശേഷം, അന്നുതന്നെ, അരൂപിയിൽ പകവത പ്രാപിച്ച അതികായനെപ്പോലെ, ചാവറ, ഏവരെയും വിസ്മയിപ്പിക്കുമാറ്, തനിക്ക് സ്വീകരണം നിഷേധിച്ച ഇടവകപ്പള്ളിയിൽച്ചെന്ന്, വികാരിയച്ചന്റെ അതിഥിയായിത്താമസിച്ചു.

ശത്രുതയുടെ മുമ്പിലെ സൗമനസ്യം! ക്രിസ്തീയ ധാർമ്മികതയുടെ സമുന്നതസാക്ഷ്യം! ഇത്ര ചെറുപ്പത്തിലേ, ഇത്തരം പാഠങ്ങൾ ജീവിതബദ്ധമാക്കാൻ സാധിക്കുന്ന ''നല്ല ബുദ്ധിയെ'', മാർ ജെയിംസ് കാളാശ്ശേരി–പരേതനായ ചങ്ങനാശ്ശേരി മെത്രാൻ-വിശുദ്ധരുടെ അടയാളമായിക്കണ്ടിരുന്നു. വാ. അൽഫോൻസാ, ഒരു അർത്ഥിനിയായിരുന്നപ്പോൾ, ഇത്തരം ''നല്ല ബുദ്ധി'' പ്രദർശിപ്പിച്ചത് അനുസ്മരിച്ചുകൊണ്ട്, അദ്ദേഹം പറഞ്ഞു: ''ആ കുട്ടി ഒരു പുണ്യവതിയാകുമെന്ന്, അന്നേ ഞാൻ കരുതിയിരുന്നു'' എന്ന്. വാസ്തവത്തിൽ ''നല്ല ബുദ്ധി''യുടെ ഉടമകളായ ഈ രണ്ടു കുട്ടികളാണ് കേരള സഭയിൽനിന്ന്, ആദ്യത്തെ വാഴ്ത്തപ്പെട്ടവരായിത്തീരാനിരുന്നതും.

ചാവറയുടെ ''നല്ല ബുദ്ധി''യുടെ വേറൊരു സാക്ഷ്യമാണ് മറ്റൊരു പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിൽ പ്രകടമായത്. വെറും പതിമൂന്നുകാരനായ ശെമ്മാശ്ശന്റെ അപ്പനും അമ്മയും ഏക സഹോദരനും അകാലമരണം പ്രാപിച്ച പ്രതിസന്ധി! ആത്മവ്യഥയിൽ ആണ്ടുപോയ ചാവറ, സമചിത്തത ഒട്ടും വെടിയാതെ, ദൈവപരിപാലനയുടെ ക്രമീകരണത്തെ സമാശ്ലേഷിക്കുക മാത്രമല്ല, താൻ ചെയ്യേണ്ടതെന്ത് അസന്ദിഗ്ദ്ധമായി അറിയാവുന്ന ഒരു ദൈവികമനുഷ്യനെപ്പോലെ പ്രവർത്തിച്ചു. കൂമ്പടയാൻ പോകുന്ന കുടുംബത്തിലേക്ക് തിരിച്ചുചെന്ന്, കാര്യമന്വേഷിക്കുക എന്ന ആഹ്വാനത്തോടെ, അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ സമ്മർദ്ദങ്ങളെല്ലാം, ബോധപൂർവ്വം ചെറുത്തുനിന്ന്, വൈദികനാകുവാനുള്ള ദൈവാഹ്വാനത്തിന് ചാവറ ആദ്യന്തം മുൻഗണന നല്കി. ആ മനോഗതം പ്രകടമാക്കുന്ന ചാവറാ സൂക്തമാണിത്.

''ഏകനാഥേശനേ, നിന്നുടെ ദാസൻമേ,
ഏകദാ നിന്നെ ഞാൻ കാണാകേണം''.

(സകലത്തിന്റെയും നാഥനായ ദൈവമേ, ഇതാ ഞാൻ, അങ്ങയുടെ ദാസൻ! അങ്ങയെ മാത്രം ഞാൻ കാണാൻ ഇടയാകണം).

### നിത്യപുരോഹിതനോട് ആനുരൂപ്യം--ശാരീരികമായും

ക്രിസ്തീയ ധാർമ്മികതയുടെ സമുന്നത പാഠങ്ങൾ ഇത്ര വേഗം സ്വായത്തമാക്കിയ യുവശിഷ്യ

ൺെറ ''നല്ലബുദ്ധിയെ'' ശ്ലാഘിച്ചുകൊണ്ടായിരിക്കാം ദിവ്യഗുരു സഹനത്തിലും തൻെറ ആനുരൂപ്യം കാലേകൂട്ടി, അദ്ദേഹത്തിനു നല്കുവാൻ തിരുമനസ്സായത്. സെമിനാരിയിൽ വച്ചുതന്നെ, ഒരിക്കലും മാറാത്ത ഒരു വാതപ്പനി, അരോഗദൃഢഗാത്രനായിരുന്ന ചാവറയെ ബാധിച്ചു. കഫം വർദ്ധിച്ചു, ഒരുവിധ തളർവാതമായി അത് വളർന്നു. തന്നിമിത്തം, ഞരമ്പുകളും മാംസപേശികളും പലപ്പോഴും വലിച്ചു കോച്ചുകയും, ദുഃസഹമായ വേദനയനുഭവിക്കുകയും ചെയ്തിരുന്നു. ''പലപ്പോഴും കാല് വലിച്ചും ഏന്തിയുമാണ് അദ്ദേഹം നടന്നിരുന്നത്'' എന്ന് സമകാലീനനായിരുന്ന മഞ്ഞുമ്മേൽ ളൂവീസച്ചനും, ''കഠിനരോഗത്തെ വിശേഷക്ഷമയോടെ സഹിച്ചു'' എന്ന് മർസലീനൂസ് മിഷനറിയും രേഖപ്പെടുത്തിയിട്ടുണ്ട്: ''ബലികളും കാഴ്ചകളും അങ്ങ് ആഗ്രഹിച്ചില്ല. എന്നാൽ എനിക്കൊരു ശരീരം തയ്യാറാക്കി.. ദൈവമേ, അങ്ങയുടെ അഭീഷ്ടം നിറവേററാൻ ഞാനിതാ വന്നിരിക്കുന്നു'' എന്നു പറഞ്ഞു നിത്യപുരോഹിതൻെറ ആനുരൂപ്യത്തിൽ വളരുന്ന അരുമശിഷ്യൻ! (HEB. 10/5 - 7) കർത്താവിൻെറ സഹനംസ്വശരീരത്തിൽ വഹിക്കുവാൻ സാധിച്ചതിൽ, വി. പൗലോസ് അഭിമാനിച്ചു. അതേ അനുഗ്രഹം സിദ്ധിച്ചവരായിരുന്നുവല്ലൊ അസ്സീസിയിലെ ഫ്രാൻസീസ്, വി. ജെമ്മാ ഗൽഗാനി Padre Pio മുതലായവർ. അതേ ചൈതന്യത്തിൽ ചാവറയും, തൻെറ ആജീവനാന്ത സഹനം സ്വശരീരത്തിൽ വഹിച്ചു.

#### പരോന്മുഖത

പ്രസന്നവദനനായി ഏതു സേവനവും ഏറ്റെടുത്തിരുന്ന തന്റെ ശിഷ്യനെ, പരോന്മുഖതയിൽ വളർത്തുവാൻ പാലയ്ക്കൽ മല്പാൻ ശ്രദ്ധിച്ചിരുന്നു. പഠനത്തിൽ മാന്ദ്യമുള്ള സതീർത്ഥ്യരെ സഹായിക്കുക, ഗുരു സ്ഥലത്തില്ലാത്തപ്പോൾ, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സെമിനാരിയുടെ നേതൃത്വം വഹിക്കുക എന്നിവ ചാവറയുടെ സാധാരണ പരിപാടിയായിരുന്നു. കേരളസഭയിലെ സീറോ-മലബാർ വൈദികർ പ്രാർത്ഥനാനിരതരാകുന്നതിന്, കയ്യിലൊതുങ്ങുന്ന ഒരു കാനോന നമസ്ക്കാരപ്പുസ്തകം അവർക്കായി ഒരുക്കുക, അന്നത്തെ ഒരാവശ്യമായിരുന്നു. പല പുസ്തകങ്ങളിലായി കിടന്നിരുന്ന ഭാഗങ്ങൾ ഒന്നിച്ചുചേർത്ത്, ഒരു കയ്യെഴുത്തുഗ്രന്ഥം, ഗുരുവിന്റെ നിർദ്ദേശത്തോടെ, സെമിനാരിയിൽവച്ചു തന്നെ ചാവറ ഒരുക്കിവച്ചു.

## III പ്രവർത്തനരംഗത്തേക്ക്

#### വൈദികൻ, പ്രവർത്തനനിരതൻ

ക്രിസ്തുവിന്റെ ധാർമ്മികതയിലും, അവിടത്തോടുള്ള സാരൂപ്യത്തിലും വളർച്ച പ്രാപിച്ച്, സേവനതല്പരതയ്ക്കും, നേതൃത്വപാടവത്തിനും സാക്ഷ്യം നൽകി, കേരളസഭയെ പ്രതിസന്ധിയിൽനിന്നുദ്ധരിക്കാനായി, പ്രാർത്ഥനാപൂർവ്വം അണിഞ്ഞൊരുങ്ങിയ ചാവറ, 24-ാം വയസിൽ ശുശ്രൂഷാപൗരോഹിത്യപദവിയിലേയ്ക്ക് ഉയർത്തപ്പെട്ടു (1829-ൽ).

ആദ്യമായി, ചാവറ ധ്യാനം പ്രസംഗിച്ചത് പുളിംകുന്നിലാണ്. വിശ്വാസപ്രകാശത്തിനും, അരൂപിയുടെ ദാനങ്ങൾക്കും, ദൈവസ്നേഹത്തിലുള്ള വളർച്ചയ്ക്കുമായി ദാഹിച്ചിരുന്ന നല്ല നിലത്താണ്, അദ്ദേഹം വിതറിയ ദൈവവചനം ചെന്നുവീണത്. അദ്ദേഹത്തെ ശ്രവിക്കുന്നതിന് ദൈവജനം ആവേശംപൂണ്ടു. കേരളത്തിലെ മിക്ക ദേവാലയങ്ങളിലും, ആ ''സിംഹത്തിന്റെ ഗർജ്ജനം മാറ്റൊലിക്കൊണ്ടു''.

വന്ധ്യയായ കേരളസഭയുടെ ദുർഭഗതയുടെ കാരണം പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കാൻ തക്ക ദൈവവചനപ്രഘോഷകരുടെയും അതിനു സഹായകമായ ഗ്രന്ഥങ്ങളുടെയും അഭാവമാണെന്ന് മനസിലാക്കുവാൻ ചാവറയ്ക്ക് താമസം വേണ്ടി വന്നില്ല. ദൈവത്തോടടുക്കുവാൻ ദാഹിക്കുന്ന കേരള ജനതയ്ക്ക്, പ്രാർത്ഥനയിൽ ദൈവത്തെ ദർശിക്കാൻ സഹായകമായ ദർശനഭവനങ്ങൾ, പ്രാർത്ഥിക്കുന്ന കുടുംബങ്ങൾക്ക് നേതൃത്വം നല്കാൻ ഉത്തമ വൈദികരെ വാർത്തെടുക്കുന്ന സെമിനാരികൾ, പ്രാർത്ഥന പുസ്തകങ്ങളും മററു സൽഗ്രന്ഥങ്ങളും പ്രചരിപ്പിക്കുന്ന മുദ്രണാലയങ്ങൾ, കത്തോലിക്കാ അന്തരീക്ഷം പുലർത്തുന്ന പള്ളിക്കൂടങ്ങൾ ഇവയെല്ലാം അതിവേഗം സംലഭ്യമായേ തീരൂ. ഇതാ പള്ളിപ്പുറം സെമിനാരിയിൽ അണിഞ്ഞൊരുങ്ങിയ നേതൃത്വത്തിന്റെ മുമ്പിൽ നിരന്നെത്തിയ കർമ്മപരിപാടികൾ!

## 1 ദർശനഭവനനിർമ്മാണം

കേരളസഭയിൽനിന്നുതന്നെ സന്യാസികളുണ്ടാകുന്നതിനുള്ള സാദ്ധ്യത, പാലക്കൽ, പോരൂക്കര

മല്പാന്മാരുടെ പരിശ്രമഫലമായി തെളിഞ്ഞുവന്ന അവസരത്തിലാണ് ചാവറ ഗുരുപ്പട്ടം സ്വീകരിച്ചത്. പാലയ്ക്കലും പോരൂക്കരയും, ഈ സംരംഭത്തിന്റെ വിജയത്തിനുള്ള നടുത്തൂണായികണ്ടുവച്ചിരുന്നതും ചാവറയെത്തന്നെ ആയിരുന്നു; ഒരു പുണ്യവാന്റെയോ പുണ്യവതിയുടെയോ മാതാവാകാൻ സാധിക്കാത്ത ഹതഭാഗ്യയായ കേരളസഭയുടെ ഹൃദയം കുളുർപ്പിക്കുമാറ് വിശുദ്ധിയുടെ കുസുമങ്ങൾ വിടരുന്ന ഉദ്യാനഭവനങ്ങളുടെ ആവിർഭാവത്തിനായിട്ടാണ് ചാവറ തന്റെ നവപൂജതന്നെ നിയോഗിച്ചത്. ആ നിയോഗത്തിന്റെ പൂർത്തീകരണത്തിനുള്ള വില ചാവറയുടെ തന്നെ അഗ്നിപരീക്ഷണങ്ങളുടെ നീണ്ട പരമ്പരയായിരുന്നുവെന്ന് അനന്തരസംഭവങ്ങൾ വ്യക്തമാക്കി

മാന്നാനത്ത് സന്യാസഭവനനിർമ്മാണത്തിന്റെ ഉത്തരവാദിത്വം പാലക്കലും പോരൂക്കരയും ചാവറയെ ഏല്പിച്ചു. പോരൂക്കര പണപ്പിരിവുകാര്യത്തിൽ വ്യാപൃതനായി, പാലക്കൽ പള്ളിപ്പുറത്തെ സെമിനാരികാര്യത്തിലും.

സ്തബിലീനി മെത്രാപ്പോലീത്തായുടെ (സന്യാസഭവനം ആരംഭിക്കാൻ അനുവാദം നല്കിയതും, 1831 മേയ് 11-ാം തീയതി, അതിന്റെ ശിലാസ്ഥാപനകർമ്മത്തിൽ സന്നിഹിതനായിരുന്നതും ഇദ്ദേഹമാണ്.) സംരക്ഷണയിൽ, ആശ്രമസംരംഭം ഊർജ്ജിതമായി പുരോഗമിച്ചുവെങ്കിലും, അദ്ദേഹത്തിന്റെ പിൻഗാമിയായിവന്ന ഫ്രാൻസീസ് സേവ്യർ മെത്രാപ്പോലീത്തായുടെ നയം ഒരു പ്രതിസന്ധിയ്ക്ക് കളമൊരുക്കി.

ചാവറയെ പള്ളിപ്പുറം വികാരിയായി നിയമിച്ചുകൊണ്ടുള്ള ഒരു കല്പന പൊടുന്നനവേ, പിതാവു പുറപ്പെടുവിച്ചു. പരിതസ്ഥിതി, ആയിരിക്കുന്ന വിധം പിതാവിനെ ധരിപ്പിക്കുവാൻ, ചാവറ അദ്ദേഹത്തെ സമീപിച്ചു. ''കല്പന അനുസരിക്കണം'' എന്നതായിരുന്നു. കർശനമായ പ്രത്യുത്തരം. ''കാര്യത്തിൻെറ ഗൗരവം പിതാവിനെ ഒന്നുകൂടി ഗ്രഹിപ്പിക്കുക'' എന്ന ആന്തരികസ്വരം, അസ്ഥികൾക്കുള്ളിൽ തിളയ്ക്കുന്ന മജ്ജപോലെ, ചാവറയെ നിർബന്ധിച്ചു. തദനുസരണം, ആവലാതിയുമായി കത്തനായകൻ പിതാവിനെ ഒന്നുകൂടി സമീപിച്ചു. അപ്പോൾ, പിതാവ് ഗൗരവഭാവത്തിൽ, ചാവറയുടെ നേരെ തിരിഞ്ഞു ചോദിച്ചു: ''തൻെറ തന്നിഷ്ടം പോലെ നടക്കണം. മേൽപ്പട്ടക്കാരൻെറ ചൊൽവിളി പഠിച്ചിട്ടില്ലയോ?'' ഈ താക്കീതും സ്വീകരിച്ച്, വെന്തുനീറുന്ന ഹൃദയത്തോടെ, കൊച്ചച്ചൻ പള്ളിപ്പുറത്തു ചെന്ന്, വികാരി ജോലി ഏറ്റെടുത്തു.

തുടർന്നുള്ള കല്പന പോരൂക്കരയ്ക്കുള്ളതായിരുന്നു. കൊല്ലം രൂപതയിൽപ്പെട്ട കായംകുളം, പിള്ളത്തോപ്പ് എന്നീ ഇടവകകളുടെ വികാരിയായി ഉടൻ സ്ഥലം വിട്ടുകൊള്ളണമെന്നായിരുന്നു, അതിൻെറ സാരം. അങ്ങനെ പോരൂക്കരയും മാന്നാനം വിടേണ്ടി വന്നു. ആശ്രമപ്പണി പ്രതിസന്ധിയിലായി എന്നു സാരം.

ഈ പ്രതിസന്ധിയിൽ ഒരു അനുകൂല സാഹചര്യം സംജാതമായി. അക്കാലത്ത്, പള്ളിപ്പുറം പള്ളിയിൽ പാലക്കൽ വർക്കി എന്ന യുവവൈദികൻ

താമസാർത്ഥം വന്നെത്തി. അദ്ദേഹത്തെ, തല്ക്കാലം പള്ളിക്കാര്യങ്ങൾ നടത്താൻ ചുമതലപ്പെടുത്തി കൊണ്ട്, ചാവറ പലപ്പോഴും മാന്നാനത്തു താമസിച്ച്, പണികൾക്ക് നേതൃത്വം നല്കാൻ തുടങ്ങി. പക്ഷേ അതുതന്നെ രൂക്ഷമായ മറ്റൊരു പ്രതിസന്ധിയിലേയ്ക്ക് വഴി തെളിച്ചു.

ചാവറയുടെ അസാന്നിദ്ധ്യത്തിൽ, പള്ളിപ്പുറത്തു, എന്തോ ക്രമക്കേട് കാണിച്ച ഒരു ഇടവകക്കാരനെ, "ചാർജ്ജു വഹിച്ചിരുന്ന വർക്കിയച്ചൻ വടി കൊണ്ടു അടിക്കുവാൻ ഇടയായി. അപമാനിതനായ ഇടവകക്കാരൻ, ക്ഷോഭിച്ച്, പിതാവിന്റെ പക്കൽ സങ്കടം ബോധിപ്പിച്ചു. ഫലം, ചാവറയ്ക്കുള്ള ഒരു വിലക്കും, വഴക്ക് തീർക്കാനുള്ള കല്പനയുമായിരുന്നു. പള്ളിപ്പുറം പള്ളിവിട്ട് എട്ടുദിവസത്തിൽ കൂടുതൽ മറ്റൊരിടത്തും താമസിച്ചുകൂടാ എന്നതായിരുന്നു വിലക്ക്. കല്പനകൊണ്ടുവന്ന ദൂതൻ പള്ളിപ്പുറത്തെത്തിയപ്പോൾ, ചാവറ അവിടെയില്ലായിരുന്നു. പ്രസ്തുത മാന്നാനത്തായിരുന്നുവെന്ന വസ്തുതയും സാഹചര്യത്തിന്റെ ഗൗരവം വർദ്ധിപ്പിച്ചു.

പരാതിക്കാരനെ രമ്യപ്പെടുത്തിയതിനുശേഷം ആശ്രമപണിക്കാര്യം പിതാവിനെ നേരിട്ടു ധരിപ്പിച്ച് കേരള സഭാവളർച്ചയ്ക്ക് അവശ്യാവശ്യമായ തന്റെ ദൗത്യനിർവ്വഹണത്തിനു അനുകൂലമായ ഉത്തരവുണ്ടാകണമേ എന്നപേക്ഷിക്കുവാനായി ചാവറ പിതൃസന്നിധിയിലെത്തി. വർക്കിയച്ചന്റെ പ്രശ്നം സമാധാനത്തിലായ സ്ഥിതിയ്ക്ക് അദ്ദേഹത്തെ പള്ളിപ്പുറം വികാരിയാക്കി, തന്നെ ആശ്രമപ്പണിക്കായി

മാന്നാനത്തേയ്ക്ക് വിടുക എന്നതായിരുന്നു ചാവറയുടെ വിനീതമായ നിർദ്ദേശം, ഈ ''പൈതങ്ങൾക്കടുത്ത സിദ്ധാന്തത്തിന്'' (ചാവറയുടെ തന്നെ ശൈലിയാണിത്) കിട്ടിയ ഉത്തരവും ''താൻ പോകുക!'' എന്നതായിരുന്നു, കദനഭാരത്തോടെ ചാവറ, വിനയാന്വിതനായി, കുറെ നേരം കൂടി അവിടെനിന്നു. ഈ വിനയാന്വിതമായ നിർബന്ധത്തിൽ, എന്തോ ദിവ്യത്വം ദർശിച്ചതുകൊണ്ടായിരിക്കണം, കുറച്ചുകൂടി മയത്തോടെ, പള്ളിപ്പുറത്തുപോയി വർക്കിയച്ചനെ തന്റെ പക്കലേയ്ക്ക് അയക്കുക എന്ന്, പിതാവിൽ നിന്ന് ഉത്തരവുണ്ടായത്. എന്നിട്ടും കഥാപുരുഷൻ, ആന്തരിക സ്വരത്തിന്റെ നിർബന്ധത്താൽ, ''പൈതങ്ങൾക്കടുത്ത സിദ്ധാന്തത്തോടെ,'' തന്റെ മുൻ നിർദ്ദേശം ആവർത്തിച്ചു. അതിൽ കോപിഷ്ടനായ പിതാവ്, ഇരുന്ന കസേരയോടുകൂടി തിരിഞ്ഞ് ചാവറയെ ഗൗരവപൂർവ്വം നോക്കി. പക്ഷേ ചാവറയുടെ മുഖത്തെ സരളത ഗൗരവത്തെ അനുകമ്പയായി പകർത്തി. അദ്ദേഹം പറഞ്ഞു: ''താൻ ചെറുപ്പം; ഇങ്ങനെയോ മേൽപ്പട്ടക്കാരന്റെ മുമ്പിൽ ഉത്തരിക്കേണ്ടത്? തന്റെ മനസ്സുപോലെ നടക്കണം. അഹാ, ഇതിനോ പട്ടമേററത്? ഇപ്പോൾത്തന്നെ മുടക്കുവാൻ ആവശ്യം. പോ! പോ!'' ഭയപ്പെട്ടുവിറച്ചുകൊണ്ട്, കഥാപുരുഷൻ തിരിച്ചു പോന്നു. എല്ലാം തകർന്നു എന്നൊരു വിചാരം! ''സഹനത്തിലൂടെ അനുസരണം അഭ്യസിക്കുന്ന'' ക്രിസ്ത്യ ശിഷ്യൻ!

ഒരു പക്ഷേ, തന്റെ അഭ്യർത്ഥനാരീതിയിൽ വന്നുപോയ അപാകതയല്ലെ, കാര്യങ്ങൾ കുഴപ്പിച്ചത്? എന്നോർത്തു് സ്വയം താഴ്ത്തുന്ന മനോഹരവ്യ

ഷ്ഠിതമാണ് ചാവറയുടെ കുറിപ്പുകൾ വെളിപ്പെടുത്തുക. (നാളാഗമം pp. 28-34)

"കണ്ണും കാതും അടച്ചുള്ള അനുസരണം!" അതിന് പൈതങ്ങൾക്കടുത്ത സിദ്ധാന്തം" നിഷിദ്ധമല്ല. അത്തരം സിദ്ധാന്തം ദൈവാരൂപി അന്തരംഗത്തുനിന്നും നിർബന്ധിക്കുമ്പോൾ, ഭവിഷത്തുക്കളെപ്പേടാതെ, പ്രവാചകൻ അതിനു വഴങ്ങുന്നു. അതു അനുസ്മരിച്ചപ്പോൾ, പിതാവിന്റെ നയം മാറിക്കഴിഞ്ഞു. അഗ്നിപരീക്ഷണം വിജയത്തിലേയ്ക്ക് കുതിച്ചു. ചാവറയുടെ നിർദ്ദേശം തന്നെ ശരിവച്ചുകൊണ്ട് പിതാവു കല്പന അയക്കുന്നു. അങ്ങനെ ചർക്കിയച്ചൻ പള്ളിപ്പുറം വികാരിയായി. ആശ്രമപ്പണിക്കായി, ചാവറ മാന്നാനത്തു തിരിച്ചെത്തുകയും ചെയ്തു.

സഭയുടെ കാനോനിക സ്ഥാപനം

1855-ൽ നടന്ന സി. എം. ഐ. സഭയുടെ കാനോനിക സ്ഥാപനത്തിലും, ചാവറ നല്കേണ്ടി വന്ന വില അഗ്നികുണ്ഡത്തിൽ വെന്തുനീറുന്ന അനുഭവമായിരുന്നു. അതിനകം പാലക്കൽ 1844-ലും, പോരൂക്കര 1846-ലും ദിവംഗതരായിക്കഴിഞ്ഞിരുന്നു. ആശ്രമകാര്യം മുഴുവൻ ചാവറ വഹിച്ചിരുന്ന സാഹചര്യം. 1855-ൽ സഭയെ കാനോനികമായി അംഗീകരിക്കുന്നതിന് മുമ്പ്, ബെർദീനോസ് ബച്ചിനേള്ളി മെത്രാപ്പോലീത്താ, നിഷ്പാദുക കർമ്മലസഭയുടെ നിയമത്തിൽ അല്പസ്വല്പ വ്യത്യാസം വരുത്തി ചാവായുടെ അഭിപ്രായത്തിനായി കൊടുത്തു. പല

ഭാഗത്തും നിയമകാർക്കശ്യം കുറയ്ക്കേണ്ടതാണെന്ന് ചാവറ വിവേകപൂർവ്വം ചൂണ്ടിക്കാട്ടി. പക്ഷേ, അവസാനം, പിതാവ്, അതൊന്നും പരിഗണിക്കാതെ, അതേ നിയമം നൽകിക്കൊണ്ട്, അത് സ്വീകരിക്കാൻ മനസ്സുള്ളവരെ മാത്രം സഭാംഗങ്ങളായി സ്വീകരിച്ചാൽ മതി എന്നു കല്പിക്കുകയാണ് ചെയ്തത്. തന്മൂലം, ദീർഘകാലം ആഗ്രഹിച്ച് ഒരുങ്ങിവന്നവരിൽ പകുതിപ്പേർ ഭഗ്നാശരായി മടങ്ങേണ്ടിവന്നു. ഈ വസ്തുത ചാവറയുടെ ഹൃദയത്തെ അവാച്യമായ വ്യഥയിൽ താഴ്ത്തി. വലിയ പ്രതീക്ഷകളോടെ വളർത്തിക്കൊണ്ടുവന്ന അനേകം മക്കളെ ബലികഴിക്കേണ്ടി വന്ന തിക്താനുഭവം!

കാലാന്തരത്തിൽ, ചാവറയുടെ ആദ്യ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണെന്ന് മേലധികാരികൾക്ക് ബോദ്ധ്യമായി. തിരസ്കൃതനായ പ്രവാചകൻ! അദ്ദേഹത്തിന്റെ ബലികളും വിധേയത്വവും വഴി, ദൈവം സഭയെ അനുഗ്രഹിച്ചു.

**സഭാലക്ഷ്യത്തിനു സാക്ഷ്യം**

സഭയുടെ ലക്ഷ്യം അഭംഗം നിലനിർത്തുന്ന കാര്യത്തിലും, വിനയാന്വിതനായ ചാവറയുടെ ഹൃദയം അതിമാത്രം വേദനിക്കേണ്ടിവന്നു.

1863_ൽ ലെയോപ്പോൾഡ് മിഷനറി സഭയുടെ DELEGATEഉം NOVICE MASTERഉം ആയി നിയമിതനാകുന്നു. കർമ്മെലസഭയുടെ കാർക്കശ്യം അങ്ങനെതന്നെ സി. എം. ഐ. സഭയിൽ പ്രാവർത്തികമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

അതോട് ഏറ്റുമുട്ടുവാൻ ചാവറ നിർബന്ധിതനായി. മാന്നാനം പ്രിയോരായിരുന്ന കളത്തിൽ അപ്രേം അച്ചൻെറ അമ്മാവൻ മരണാസന്നനായപ്പോഠം, അപ്രേമച്ചനെ ആളയച്ചു വിളിപ്പിച്ചു. രോഗികളെ കാണാൻ പോലും ആശ്രമത്തിനു പുറത്തു പോകുന്നത് കർമ്മെലസഭാ ചൈതന്യത്തിന് അനുയോജ്യമല്ലെന്ന് ലെയോപ്പോഠംഡ് മിഷനറി പ്രസ്താവിച്ചു. പക്ഷേ, ചാവറയച്ചനോടു ആലോചിച്ചപ്പോഠം, ''ലോകർക്കു സേവനമനുഷ്ഠിക്കുക''കൂടിയാണ് സി. എം. ഐ. സഭയുടെ സുദൃഢ ലക്ഷ്യം എന്ന് അദ്ദേഹം സ്പഷ്ടമാക്കി. ഏതായാലും, തീരുമാനമെടുക്കുന്നതിനുമുമ്പ്, ആശ്രമ സംഘത്തിൻെറ അഭിപ്രായം ആരായണമെന്ന്, ലെയോപ്പോഠം ഡ് മിഷനറി ആവശ്യപ്പെട്ടു. അദ്ദേഹംതന്നെ കാര്യം സംഘത്തിൽ വിശദീകരിച്ചശേഷം, ഒന്നാമതായി കറുത്ത വോട്ട് പൊക്കിക്കാണിച്ച്, കുറിപ്പാത്രത്തിൽ നിക്ഷേപിച്ചു രണ്ടാമതായി ചാവറ വെള്ള വോട്ടെടുത്ത് അതേവിധം പൊക്കിക്കാണിച്ച്, കുറിപ്പാത്രത്തിലിട്ടു. ഫലം: ഒരു കറുപ്പൊഴികെ മററെല്ലാം വെള്ള! മിഷനറിയുടെ മുഖം കറുത്തു. അദ്ദേഹം വികാരാധീനനായി, ചാവറയും അതിമാത്രം വേദനയനുഭവിച്ചു. പക്ഷേ, അന്തരംഗത്തിൽനിന്ന് സിംഹം ഗർജ്ജിക്കുമ്പോഠം, പ്രവാചകൻ എങ്ങനെ മൗനമവലംബിക്കും!

ഗുരുശിഷ്യ ബന്ധത്തിൽ (മിഷനറി, ചാവറയുടെ ആത്മപിതാവുംകൂടി ആയിരുന്നു) ഇതുമൂലം ഒട്ടുംതന്നെ ഉലച്ചിൽ സംഭവിച്ചില്ല. ചാവറ എന്നും ഗുരുവിൻെറ വിനീത ശിഷ്യൻതന്നെ ആയിരുന്നു. ചാവറയോടുള്ള മതിപ്പ് ഗുരുവിൽ വർദ്ധിച്ചതേ

യുള്ളൂ. ചാവറയുടെ മരണദിവസം അദ്ദേഹം തന്റെ ഡയറിക്കുറിപ്പ് ഇങ്ങനെയാണ് അവസാനിപ്പിച്ചത്: ''ഓ വിശുദ്ധവും മനോഹരവുമായ ആത്മാവേ, എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ''.

## 2) കുടുംബങ്ങൾക്ക് പ്രാർത്ഥനോൻമുഖത

ചാവറ വളർത്തിയെടുത്ത ദർശനഭവന സ്ഥാപനത്തിന്റെ ഉദ്ദേശ്യം വ്രതബദ്ധമായ ക്രിസ്താനുകരണത്തോടുകൂടി ''ലോകരെ പഠിപ്പിക്കുക'' എന്നതുകൂടിയായിരുന്നു. അന്നത്തെ കേരള സഭയിലെ അടിസ്ഥാനപരമായ ആവശ്യം കുടുംബങ്ങളെ പ്രാർത്ഥനോന്മുഖമാക്കുകയാണ് എന്നതായിരുന്നുവല്ലൊ ചാവറയുടെ വിലയിരുത്തൽ. അതിനുള്ള അടിസ്ഥാന പദ്ധതിയായി ചാവറ സ്വീകരിച്ചത് ദേവാലയ പ്രസംഗവും, മുഴുവൻ ധ്യാനങ്ങളുംവഴി, ദൈവജനത്തിന് പ്രാർത്ഥനാ പരിചയം പ്രദാനം ചെയ്യുക എന്നതായിരുന്നു. ചാവറയുടെ നേതൃത്വത്തിൽ, മലബാറിലെ എല്ലാ കത്തോലിക്കർക്കും – ലത്തീൻകാർക്കും സുറിയാനിക്കാർക്കും – മുഴുവൻ ധ്യാനത്തിന്റെ ആനുകൂല്യം ലഭിക്കുവാൻവേണ്ടി, വികാരി അപ്പസ്തോലിക്കാ, മോൺ. മർത്തീനി, 1849-ൽ ഒരു ഇടയലേഖനം അയച്ചു. അതുവഴി, ചാവറയും മാന്നാനത്തു വസിക്കുന്ന അച്ചൻമാരും, അവരുടെ സൗകര്യം അറിയിക്കുന്നതനുസരിച്ച്, ഓരോ ഇടവകയ്ക്ക് തനിച്ചോ, അടുത്തുള്ള പല ഇടവകകൾക്ക് ഒരുമിച്ചോ, എട്ടു ദിവസത്തെ മുഴുവൻ ധ്യാനം നടത്തുന്നതിനുള്ള സജ്ജീകരണം ചെയ്യണമെന്ന് ഇടവക വികാരിമാർക്ക് അദ്ദേഹം കല്പന നല്കി. മുമ്പേ ആരം

ച്ചിരുന്ന ധ്യാനയജ്ഞം, അങ്ങനെ, അന്നുമുതൽ, കേരളത്തിൽ, അങ്ങോളമിങ്ങോളം, സജീവമായി.

## 8 പ്രാർത്ഥനപ്പുസ്തകങ്ങൾ

### സദ്ഗ്രന്ഥങ്ങൾ

അടിസ്ഥാനപരമായ പ്രാർത്ഥനാ പരിചയത്തോടുകൂടി, ഓരോ കുടുംബത്തിലും, ദിവസേന പ്രാർത്ഥന നടക്കുന്നതിന് സഹായകമായ പുസ്തകങ്ങൾ സംലഭ്യമാക്കേണ്ടത് അടിയന്തരാവശ്യമായിരുന്നു. പക്ഷേ പ്രാർത്ഥനാ പുസ്തകങ്ങളും ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും അച്ചടിച്ച് നല്കാൻ തക്കവുള്ള ഒരു പ്രസ് അന്ന് കേരളത്തിൽ ഇല്ലായിരുന്നു. ചാവറതന്നെ, സാഹസികമായ മാർഗ്ഗങ്ങളിലൂടെ പ്രസുണ്ടാക്കാൻ പഠിച്ചു; ആദ്യം വാഴപ്പിണ്ടികൊണ്ടൊരു മോഡൽ ഉണ്ടാക്കി; അതനുസരിച്ച്, ആശാരിയെക്കൊണ്ട്, ഒരു മരപ്രസ് പണിയിപ്പിച്ചു. അതിൽ 1846-ൽ അച്ചടിച്ച പ്രാർത്ഥനപ്പുസ്തകം — "ജ്ഞാനപീയൂഷം" — ജനകരങ്ങളിലെത്തിച്ചു. തുടർന്ന്, പ്രാർത്ഥനയ്ക്ക് പോഷണം നല്കുന്ന മറ്റു പ്രസിദ്ധീകരണങ്ങളും കേരളത്തിൽ ഉടനീളം പ്രചരിക്കാൻ തുടങ്ങി. തത്ഫലമായി താമസംവിനാ ത്രിദിനങ്ങളും നൊവേനകളും, മാസവണക്കങ്ങളും വിയാസാക്രായും, വാഴ്വും നാല്പതുമണിയാരാധനയും, ഭക്തഗാനങ്ങളും ഭക്തസംഘടനകളും ദൈവജനത്തെ തികച്ചും പ്രാർത്ഥനോന്മുഖരാക്കി.

അങ്ങനെ കേരളസഭ ആദ്ധ്യാത്മികമായ ഫലസമൃദ്ധിയിലേക്ക് കുതിച്ചു പാഞ്ഞു.

## 4 വായന പഠിക്കാൻ പള്ളിക്കൂടങ്ങൾ

പ്രസിദ്ധീകരണങ്ങൾ സിദ്ധിച്ചാൽപ്പോരാ അവ ഉപയോഗിക്കുന്നതിന് ഇളംതലമുറ പ്രാപ്തരാകണം. ഹിന്ദുഗുരുവിന്റെ കളരിയനുഭവം തന്നെ പഠിപ്പിച്ച പാഠം അനുസ്മരിച്ചുകൊണ്ട്, സുറിയാനിക്കാരുടെ വികാരിജനറാളായിത്തീർന്നപ്പോൾ, ചാവറ, ഓരോ പള്ളിയോടനുബന്ധിച്ചും, കത്തോലിക്കാ അന്തരീക്ഷത്തിൽ കുട്ടികൾക്കു പഠിക്കാൻ സാധ്യത നൽകുന്ന പള്ളിക്കൂടങ്ങൾ ഉണ്ടാകണമെന്ന നിബന്ധന സഗൗരവം നടപ്പിലാക്കി

അങ്ങനെ വിശ്വാസത്തിൽ വളർന്ന്, പ്രാർത്ഥനോൻമുഖതയിൽ വികസിച്ച കുടുംബങ്ങളിൽനിന്ന്, ദൈവവിളികളുടെ ഒരു പ്രവാഹംതന്നെ ദർശിക്കുവാൻ ചാവറയ്ക്ക് സാധിച്ചതിൽ വിസ്മയിക്കാനില്ലല്ലോ.

## 5 പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകാൻ സുശിക്ഷിതരായ വൈദികർ

### അതിന് സെമിനാരികൾ

കുടുംബങ്ങൾക്ക്, ആദ്ധ്യാത്മികനേതൃത്വം നൽകുവാൻ പ്രാർത്ഥിക്കുന്നവരും സുശിക്ഷിതരുമായ വൈദികർ വേണം. സന്യാസഭവനം രൂപം കൊണ്ടപ്പോൾത്തന്നെ, മാന്നാനത്ത് ഉത്തമരായ വൈദികരെ വാർത്തെടുക്കുന്നതിന്, സന്യാസവൈദികർക്കും ഇടവകവൈദികർക്കും വേണ്ടിയുള്ള സെമിനാരിയും ആരംഭിച്ചു (1833_ൽ). അതോടെ, മല്പാൻ

ച്ച് നടത്തിയിരുന്ന സെമിനാരികൾ നിർത്തലാവാൻ തുടങ്ങി. മാന്നാനം സുറിയാനിക്കാരുടെ കേന്ദ്ര സെമിനാരിയായി. ദൈവവിളികൾ വർദ്ധിച്ചതോടെ, 1866_ൽ വാഴക്കുളം ആശ്രമത്തോടനുബന്ധിച്ചും, 1868-ൽ എൽത്തുരുത്ത് ആശ്രമത്തോടനുബന്ധിച്ചും, കാലാന്തരത്തിൽ പുളിംകുന്നാശ്രമത്തോടനുബന്ധിച്ചും, സെമിനാരികൾ ഉയർന്നുവരുന്നതും കേരളസഭാമാതാവ് കൺകുളിർക്കേ കണ്ടു. സംതൃപ്തനായ വികാരി അപ്പസ്തോലിക്കാ, ചാവറയെ, സുറിയാനി റീത്തിൽ, സഭാശാസ്ത്രങ്ങളുടെ മല്പാനും, വൈദികരുടെ പരീക്ഷകനുമായി ഉയർത്തി.

ഭാവാർത്ഥം: 1) 1767 മുതൽ വരാപ്പുഴ നടത്തിവന്നിരുന്ന സെമിനാരി, 1866_ൽ പുത്തൻ പള്ളിയിലേക്കു മാററി. 1890_ൽ അത് പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ കീഴിൽ, കേരളത്തിലെ കേന്ദ്ര സെമിനാരിയായി. അതോടെ മുൻപറഞ്ഞ ആശ്രമങ്ങളോടനുബന്ധിച്ച് നടത്തിയിരുന്ന സെമിനാരികൾ നിർത്തലാക്കി.

2) അതിനുശേഷം, സി. എം. ഐ. സഭാംഗങ്ങളായ യോഗാർത്ഥികൾ, നവസന്യാസികൾ, വൈദികവിദ്യാർത്ഥികൾ എന്നിവരുടെ പഠനവും പരിശീലനവും മാത്രം സഭ നടത്തിപ്പോന്നു.

## 6 വൈദികർക്ക് പ്രാർത്ഥന പുസ്തകം

വൈദികർക്ക് യാമപ്രാർത്ഥനകൾ കൃത്യമായി നടത്തുന്നതിന് സഹായകമായി, പല പുസ്തകങ്ങളിലായി കിടന്നിരുന്ന കാനോൻജപം ഒരേ പുസ്തകത്തിലാക്കുന്നതിനുള്ള കയ്യെഴുത്തുഗ്രന്ഥം, സെമിനാരിജീവിതകാലത്തുതന്നെ ചാവറ ഒരുക്കിയിരുന്നുവല്ലൊ. അത് കാലാന്തരത്തിൽ, അച്ചടിച്ച് വിതരണം ചെയ്തു.

## 7 വൈദികർക്ക് ദിവ്യ പൂജാർപ്പണസഹായം

വൈദികർ ദിവ്യപൂജ ക്രമീകൃതമായും, ഭക്തിയോടുകൂടിയും അർപ്പിക്കുന്നതിനാവശ്യമായ ക്രമങ്ങൾ, ചാവറ കൃത്യമായി ക്രോഡീകരിച്ചു. അവയും ഗ്രന്ഥരൂപത്തിൽ, സംലഭ്യമാക്കി.

## 8 സ്ത്രീകൾക്കും ദർശനഭവനം

സന്യാസിനികൾക്കായി- ''പെൺപൈതങ്ങൾക്ക് പഠനവും പരിശീലനവും, സന്യാസജീവിതവും'' സാദ്ധ്യമാകുന്നതിനായി - കേരളത്തിലെ ആദ്യത്തെ സന്യാസിനി സഭയ്ക്ക് രൂപം കൊടുക്കുവാനും, ലെയോപ്പോർദ് മിഷനറിയോടുകൂടി, ചാവറ അത്യദ്ധ്വാനം ചെയ്തു. അതാണ് ഇന്നത്തെ സി. എം. സി. സഭ.

## 9 സന്യാസിനീ സന്യാസികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക്

വിശുദ്ധിയുടെ അത്യുച്ചിയെ ലക്ഷ്യമാക്കി, സുബദ്ധമായ ക്രിസ്തുഅനുകരണത്തിന്റെ ജീവിതശൈലി അവലംബിച്ചിട്ടുള്ള സന്യാസിനീ സന്യാസികൾ, ആ ലക്ഷ്യത്തിൽ എളുപ്പം ചെന്നെത്തുന്നതിനുള്ള ''കുറുക്കുവഴിയും'', ചാവറ നിർദ്ദേശിക്കുന്നുണ്ട്. താൻതന്നെ അഭ്യസിച്ചിരുന്ന ആ വഴി തന്റെ ആദ്ധ്യാത്മിക മക്കളുമായി പങ്കുവയ്ക്കുവാനും അദ്ദേഹം മുൻകരുതലെടുത്തു.

1. **സി. എം. ഐ. സഭാംഗങ്ങൾക്കായി,** സ്വന്തം പ്രാർത്ഥനാനുഭവം പങ്കുവയ്ക്കുന്ന, ''ആത്മാനുതാപം'', ''ധ്യാനസല്ലാപങ്ങൾ'' എന്ന രണ്ട് [illegible] ഗ്രന്ഥങ്ങൾ, ചാവറ ഒരുക്കിവച്ചു.

2. **സി. എം. സി സഭാംഗങ്ങൾക്ക്,** ആ കുറുക്കുവഴിയുടെ ചെറുവിവരണം, എഴുത്തുവഴി അദ്ദേഹം നിർദ്ദേശിച്ചുകൊടുത്തു. (എഴുത്തുകൾ p.116)

## 10 പിളർപ്പിനെതിരെ പോരാട്ടം കേരളസഭാ സംരക്ഷണം

അസൂയാർഹമായവിധം വളരാൻ തുടങ്ങിയ കേരളസഭയിലേക്ക്, ബാബേൽ ആധിപത്യത്തിന്റെ നുഴഞ്ഞുകയറ്റം ദൃശ്യമാകാൻ തുടങ്ങി. റോക്കോസ് മെത്രാന്റെ ആഗമനത്തോടെ ആ പ്രശ്നം രൂക്ഷമായി.

റോക്കോസ് ശീശ്മ

1861-ൽ റോക്കോസ് മെത്രാന്റെ ആഗമനം, ബാബേലിലേക്ക് ''വടക്കു നോക്കികളെപ്പോലെ'' കണ്ണു തിരിച്ചിരുന്നവർ തെരുതെരെ ആ ഭാഗം ചേരാൻ ഇടയാക്കി. ഈ സാഹചര്യത്തിൽ, വികാരി അപ്പസ്തോലിക്ക, മോൺ. ബച്ചിനേല്ലി, ചാവറയെ സുറിയാനിക്കാരുടെ വികാരി ജനറാളായി ഉയർത്തി. ശീശ്മയുടെ പടനീക്കത്തെ നേരിടുന്നതിനുള്ള ഈ നേതൃത്വ ദൗത്യവും, ചാവറയാകുന്ന ബലിവസ്തുവിനെ അതിയായ ആത്മവ്യഥയിലേക്ക് വലിച്ചെറിഞ്ഞു. കേരള സഭയുടെ ചിന്താഗതിയിൽ, സ്വർഗ്ഗീയ പിതാവിന്റെ ആഭിജാത്യത്തിന് നിരക്കാത്തതൊന്നും കയറിപ്പററാതിരിക്കുവാൻ, പലപ്പോഴും, ഏകാകിയായി- സ്വന്തം ശിഷ്യരിൽപ്പോലും ചിലരുടെ ആത്മാർത്ഥ സഹകരണം ലഭിക്കാത്ത മനോവ്യഥയോടെ – ചാവറ നല്കിയ നേതൃത്വം തിരുസന്നിധിയിൽ അംഗീകൃതമായി. ആ നേതൃത്വം നൂറു ശതമാനം വിജയം പ്രാപിച്ചു. വിജയത്തിൽ. സൗമനസ്യത്തോടെ, ചതഞ്ഞ ഞാങ്കണകളായിത്തീർന്ന റോക്കോസിനെയും തൊണ്ടനാട്ടിനെയും, ഓടിച്ചു കളയാതെ, സബഹുമാനം കൈകൊടുത്തുയർത്തിയെന്നതിലാണ് ആ വിജയം തികച്ചും ക്രിസ്തീയമായത്. തിരിച്ചുപോകാൻ സഹായം തേടിയ റോക്കോസിനെ ബഹുമാനപൂർവ്വം തിരിച്ചയക്കുവാനും, അനുതപിച്ച തൊണ്ടനാടിനെ മഹറോൻപോക്കി, തിരിച്ച് സ്വീകരിക്കുവാനും ചാവറ സത്വരമായി, സസന്തോഷം, നിസ്വാർത്ഥമായി, സഹായഹസ്തം നീട്ടി.

അന്ന് കേരളത്തിലുണ്ടായിരുന്ന 154 സുറിയാനിപ്പള്ളികളിൽ 86 പള്ളികൾ പൂർണ്ണമായും 30-ഓളം പള്ളികൾ ഭാഗികമായും റോക്കോസിന് കീഴ്പ്പെട്ടിരുന്നു. അക്ഷരാർത്ഥത്തിൽ പിളർന്നുപോയ ഈ സഭാഗാത്രത്തെ ഐക്യത്തിൽ സംയോജിപ്പിക്കാൻ, നേതൃത്വം നല്കിയ ധീരയോദ്ധാവിനെ ഒമ്പതാം പിയൂസ് പാപ്പാ കൃതജ്ഞതാപൂർവ്വം അനുമോദിക്കുകയും, ആശീർവ്വദിക്കുകയും ചെയ്തു.

## ചാവറ പൊതുവെ അംഗീകൃതൻ

ദൈവാരൂപിയാൽ മാത്രം നയിക്കപ്പെടുന്ന ഒരു വ്യക്തിയായി അധികാരികളും അധീനരും ചാവറ അച്ചനെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നതുകൊണ്ട്. മോൺ. ലെയോനാർദ്-പുതിയ വികാരി അപ്പസ്തോലിക്കാ (1868-1897) - ഒന്നാം വത്തിക്കാൻ സൂനഹദോസിൽ സംബന്ധിക്കാൻ, റോമിനു പുറപ്പെടുന്നതിനു മുമ്പു (1869-ൽ) തന്റെ PRO – PREFECT – ഉം PRO – DELEGATE – ഉം എല്ലാ കാര്യങ്ങളും ചാവറയോട് ആലോചിച്ച് മാത്രം ചെയ്തു കൊള്ളണം എന്ന നിർദ്ദേശം നല്കുകയുണ്ടായി. പുറപ്പെടുന്നതിനുമുമ്പ് അദ്ദേഹം ചെയ്ത ഒരു പ്രസ്താവനയിൽ നിന്ന്, സുറിയാനി സഭയെ അദ്ദേഹം ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു വെന്നും, അതിന്റെ സുസ്ഥിതിക്കാവശ്യമായ ആശയങ്ങൾ തിരുസംഘത്തെ എഴുതി അറിയിക്കുക അദ്ദേഹത്തിന് സ്വാഗതാർഹമായിരിക്കുമെന്നും ചാവറ അനുമാനിച്ചു (cfr. നാളാഗമ. p. 154).

## 11) സഭയുടെ ഭാവിസുരക്ഷിതത്വത്തിന് മുൻകരുതൽ

താൻ വന്ധ്യതയിൽ നിന്നുദ്ധരിച്ച്, തഴച്ചു വളർത്തി പിളർപ്പിൽനിന്നും സംരക്ഷിച്ച കേരള 'സുറിയാനി' സഭയുടെ ഭാവിവളർച്ചയും ചാവറയുടെ പിതൃഹൃദയത്തിലെ ഉൽക്കണ്ഠാവിഷയമായിരുന്നു. വികാരി അപ്പസ്തോലിക്കായും അതേ ഉൽക്കണ്ഠയുള്ളവനാണെന്ന് ധരിച്ച് സഭയുടെ ഭാവി സുരക്ഷിതത്വത്തിന് എന്താണാവശ്യം എന്ന് തെളിവായി കാണിച്ചു കൊണ്ട്, ചാവറ, 1869-ൽത്തന്നെ പ്രൊപ്പഗാന്താ തിരുസംഘാദ്ധ്യക്ഷന് ഇങ്ങനെ എഴുതി: ''ഇവിടെ വിശ്വാസികളുടെ ഇടയിൽ, യാതൊരു വകഭിന്നതയോ സഭാകാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമോ ഇല്ല... ഇപ്പോൾ സമാധാനത്തിൽ ജീവിക്കുന്നുവെങ്കിലും, അനുഭവത്തിൽനിന്നു പറയാൻ സാധിക്കും, അധികനാൾ ഈ നിലതുടരുകയില്ലെന്ന്...... അല്പം അയഞ്ഞ ജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന ചിലരുടെ മനസിൽ, കലഹങ്ങളെക്കുറിച്ചുള്ള ചിന്തവരാൻ സാദ്ധ്യതയുണ്ട്''.

''ഞങ്ങൾ തോമാശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളാണ്. അനേകം കൊല്ലങ്ങളായി ഞങ്ങൾക്ക് സ്വന്തം മെത്രാനില്ല. എന്നാൽ ഈ അടുത്തകാലങ്ങളിൽ വിശ്വാസം സ്വീകരിച്ചവർക്ക് അവരുടെ സ്വന്തം മെത്രാനുണ്ട്. അതുകൊണ്ട്, സ്വന്തം റീത്തിൽപ്പെട്ട മെത്രാനെ ലഭിക്കാനായി, നമുക്ക് ബാബേലിനെ ആശ്രയിക്കാം. ഇങ്ങനെയുള്ള ഒരു അസൂയയാൽ പ്രേരിതരായി, അ

വസരം കിട്ടുമ്പോൾ, അവർ ബാബേലിലേക്ക് പോകും......''

''അതുകൊണ്ട്, അത്യുന്നത തിരുമേനി, നല്ലതെന്ന് എനിക്കുതോന്നുന്ന ഒരു സംഗതി അറിയിക്കുയാണ്. ഇവിടെ രണ്ടു മെത്രാൻമാർ ഉണ്ടാകുന്നത് വളരെ നല്ലതാണ്. ഒന്ന് ലത്തീൻ സഭയ്ക്കും മറേറത് സുറിയാനി സഭയ്ക്കും. ഇങ്ങനെ, സ്വന്തം മെത്രാനുണ്ടാകണമെന്ന ആഗ്രഹം ഇല്ലാതാകും, അങ്ങനെ, ബാബേലുമായുള്ള ബന്ധം അവസാനിക്കും''. (എഴുത്തുകൾ pp 27–29).

**കാറും മാറിവീശുന്നു**

റോമിൽവച്ച്, ഈ എഴുത്തിലെ ഉള്ളടക്കം മനസിലാക്കിയ മോൺ ലെയോനാർദ് തിരിച്ചെത്തിയത്, ഉള്ളിൽ ചാവറയോടുള്ള അമർഷത്തോടുകൂടിയാണ്. അതിന്റെ ഫലം ഊഹ്യമാണല്ലൊ. ആവശ്യത്തിനു മാത്രം, അതും തീരെ തണുത്ത ബന്ധം! ശാരീരികമായി തീർത്തും അവശനായിക്കഴിഞ്ഞിരുന്ന ചാവറയുടെ മരണവേദന പൂർത്തിയാകാൻ ഈ മനോവ്യഥയും ആവശ്യമായിരുന്നു. മനോവ്യഥയിലൂടെയാണല്ലൊ വലിയ കാര്യങ്ങൾ പൂർത്തിയാക്കുക. അങ്ങനെ, തിരുസഭയെപ്രതി, ശാരീരിക വേദനകളുടെ മദ്ധ്യേ മനോവ്യഥയുടെ അത്യുച്ചിയിൽ, ''എല്ലാം നിറവേറി'' എന്ന സമാശ്വാസത്തോടെ, ആത്മാവിനെ പിതൃകരങ്ങളിൽ സമർപ്പിച്ച ദിവ്യഗുരുവിന്റെ അരുമശിഷ്യനും, ആരോടും ആവലാതികൂടാതെ, കേരള സഭയ്ക്കുവേണ്ടി, താൻ ചെയ്യാനുള്ളത് പൂർത്തിയാക്കി,

ആത്മവ്യഥയുടെ ആധിക്യത്തിൽ, ആത്മാവിനെ പിതൃകരങ്ങളിൽ സമർപ്പിച്ചു, 1871, ജനുവരി 3-ാം തീയതി.

മുൻകരുതലിൻെറ യഥാർത്ഥീകരണം

ശേഷിച്ചത് ദൈവപരിപാലനയുടെ ക്രമീകരണം പൂർത്തിയാക്കി_നിഗൂഢമായ ദൈവപരിപാലനം!

ചാവറ, പ്രൊപ്പഗാന്താ തിരുസംഘത്തിനുള്ള എഴുത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ, അദ്ദേഹത്തിൻെറ മരണശേഷം, അവസരം പാർത്തിരുന്ന തല്പരകക്ഷികളുടെ പിൻബലത്തോടെ, വീണ്ടും ബാബേലിൽനിന്നുള്ള നുഴഞ്ഞുകയററം ആരംഭിച്ചു. 1872-ൽ കൽദായക്കാരനായ ഒരു പീലിപ്പോസ് പട്ടക്കാരൻ കേരളത്തിലെത്തി, ചില സുറിയാനി വൈദികരോടു ചേർന്ന്, ഒരു സുറിയാനിമെത്രാനെ വരുത്താനുള്ള ശ്രമങ്ങരം ആരംഭിച്ചു. തൽഫലമായി 1874_ൽ, ഏലിയാ മേലൂസ് എന്ന മെത്രാൻ മലയാളത്തിൽ വന്നിറങ്ങി.

മൊൺ. ലെയോനാർദ്_വികാരി അപ്പസ്തോലിക്കാ-സി. എം. ഐ സഭാംഗമായ കട്ടക്കയത്ത് ചാണ്ടിയച്ചനോട് ആജ്ഞാപിച്ചു, റോക്കോസ്ശീശ്മക്കെതിരായി ചെയ്തതുപോലെ, മേലൂസിനെതിരായും പോരാടുക; അതിനായി എൽത്തുരുത്ത് ആസ്ഥാനമാക്കിക്കൊള്ളുക എന്ന്. മേലൂസിൻെറ നുഴഞ്ഞുകയററം തടഞ്ഞുവെങ്കിലും, തൃശൂർഭാഗത്ത്

ചിലർ അദ്ദേഹത്തിന്റെ ഭാഗത്ത് ഉറച്ചുനിൽക്കുക യാണ് ചെയ്തത്.

കേരളത്തിൽനിന്ന് ശീശ്മകളെ ഉച്ചാടനം ചെയ്യുന്നതിനുള്ള ഏകമാർഗ്ഗം, ചാവറ, മുമ്പേതന്നെ, പ്രൊപ്പഗാന്തതിരുസംഘത്തെ ധരിപ്പിച്ചതുപോലെ, സുറിയാനിക്കാർക്ക് തനിച്ചൊരു മെത്രാനെ നിയമിക്കുകയാണെന്ന് ബോദ്ധ്യമുണ്ടായിരുന്ന പലരും, ഈ അവസരത്തിൽ, വിവരം നേരിട്ട് തിരുസംഘത്തെ അറിയിക്കുവാൻ പരിശ്രമിച്ചു. അക്കൂട്ടത്തിൽ ചില സി എം. ഐ. സഭാംഗങ്ങളുമുണ്ടായിരുന്നു. സൃഷ്ടിച്ച നീരസത്തോടെ, മോൺ. ലെയോനാർദ്, പ്രസ്തുത വ്യക്തികൾക്കും, സി. എം. ഐ സഭയ്ക്കു തന്നെയും എതിരായി കർശനനടപടികൾ സ്വീകരിച്ചു. പ്രമുഖരായ ഏഴു സഭാംഗങ്ങളെ 1876-ൽ അദ്ദേഹം സഭയിൽനിന്ന് ബഹിഷ്ക്കരിച്ചു. സഭയിൽ, പുതുതായി ആരെയും സ്വീകരിക്കരുതെന്ന് ആജ്ഞാപിച്ചു. പാണാപള്ളിയിൽ വി. ഫിലിപ്പു നേരിയുടെ നാമത്തിൽ പുതിയൊരു സഭ ആരംഭിക്കുവാൻ തീരുമാനവുമെടുത്തു. മാത്രമല്ല, സുറിയാനിക്കാരുടെ സ്വജാതി മെത്രാൻ പ്രസ്ഥാനത്തോട് അനുഭാവം പ്രകടിപ്പിച്ച പ്രഗത്ഭരായ രണ്ടു മിഷനറിമാരെ-ലെയോപ്പോൾദ്, ജരാർദ് അച്ചൻമാരെ യൂറോപ്പിലേയ്ക്ക് തിരിച്ചുവിളിക്കുവാനും അദ്ദേഹം ഇടയാക്കി.

ഏതായാലും ചാവറയുടെ അഭിപ്രായം പണ്ടേ സ്വീകരിച്ചിരുന്ന പ്രൊപ്പഗാന്താതിരുസംഘം വികാരി അപ്പസ്തോലിക്കാ സി. എം. ഐ. സഭക്കെതിരെ

എടുത്ത തീരുമാനങ്ങാം തടഞ്ഞു; കേരളസഭയുടെ സ്ഥിതി വസ്തുനിഷ്ഠമായി അറിയുവാൻ, അപ്പസ്തോലിക്ക് വിസിററർമാരെ അയച്ചു. തൽഫലമായി 13-ാം ലെയോൻ പാപ്പാ, 1886-ൽ കേരളത്തിൽ, ലത്തീൻ ഹയരാർക്കി സ്ഥാപിക്കുകയും, മോൺ. ലെയോനാർദിൻെറ കാലത്തുതന്നെ, സുറിയാനിക്കാരെ, വരാപ്പുഴ അധികാരത്തിൽനിന്ന് വിടർത്തി, അവർക്കായി, 1887-ൽ തൃശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകാം സ്ഥാപിക്കുകയും ചെയ്തു. (cfr. ഫാ. ഗ്രിഗറി, സി. എം. ഐ. സഭയുടെ ചരിത്രസംക്ഷേപം PP. 40-43)

അങ്ങനെ, സഭയുടെ ഐക്യസംരക്ഷണത്തിനു വേണ്ടിയുള്ള ചാവറയുടെ മുൻകരുതൽ സഫലമായി.

ശ്രദ്ധാർഹം

## i പാണാപള്ളിയിലെ സഭ

1880 ലാണ് മോൺ. ലെയൊനാർദ്, പാണാപള്ളിയിൽ, വി. ഫിലിപ്പ് നെരിയുടെ നാമത്തിൽ പുതിയ സഭ ആരംഭിച്ചത്. സി. എം. ഐ. സഭയിൽ ചേരുവാനുള്ള അനുവാദത്തിനായി രണ്ടു ഇടവക വൈദികർ-വാഴത്തറ കുഞ്ചെറിയാച്ചനും എരുമച്ചാടത്ത് തോമാച്ചനും-അദ്ദേഹത്തെ സമീപിച്ചപ്പോാം, കേരളത്തിൽ മറെറാരു സഭ, താൻ സ്ഥാപിക്കുന്നുണ്ടെന്നും അതിൽ അവരെ ചേർക്കാം എന്നുമുള്ള മറുപടിയാണ് അദ്ദേഹം അവർക്കു നല്കിയത്. പാണാപള്ളിയിൽ ഒരു പള്ളിയും മുറിയുമുണ്ടാക്കി, ആ രണ്ടുപേർക്കും സഭാവസ്ത്രം നല്കിക്കൊണ്ട്, സഭ

യ്ക്ക് ആരംഭമിട്ടു. പലരും അവിടെ ചേരുവാൻ വന്നു. പക്ഷേ വൈദികപട്ടം സ്വീകരിച്ചതിനുശേഷം, അവർ ഓരോരുത്തരായി സഭയുപേക്ഷിച്ചു. 1867-ൽ ആരംഭകരിൽ ഒരാളൊഴികെ, എല്ലാവരുംതന്നെ വിട പറഞ്ഞു. 1886-ൽ ആരംഭകരിൽ ഒന്നാമൻ കുഞ്ഞറിയാച്ചൻ മരണമടഞ്ഞുകഴിഞ്ഞിരുന്നു. അവശേഷിച്ച എരുമച്ചാടത്ത് തോമാച്ചൻ, സി. എം. ഐ. സഭയിൽ ചേരുവാൻ അപേക്ഷിച്ചു. ആ അപേക്ഷ സ്വീകൃതമായതോടെ, പുതിയ സഭയുടെ കൂമ്പടഞ്ഞു. ആ പശ്ചാത്തലത്തിൽ, ഇന്ത്യയിലെ അപ്പസ്തോലിക്ക് ഡെലഗേററ്, പാണാപള്ളി ആശ്രമവും പള്ളിയും സി. എം. ഐ സഭയെ ഏല്പിച്ചു. 1890-ൽ മാന്നാനം ആശ്രമം അത് ഏറ്റുവാങ്ങി. 189[illegible]-ൽ അവിടെ സി. എം. ഐ. സഭയുടെ ഒരു ഭവനം ആരംഭിച്ചു. പക്ഷേ, പാണാപള്ളിയ്ക്ക്, ദീർഘകാലം, ഒരു സന്യാസസഭയുടെ ആസ്ഥാനമായിരിക്കാൻ ഭാഗ്യമുണ്ടായില്ല. ജനങ്ങളുടെ ശല്യം മൂലം, പ്രസ്തുത ആശ്രമം 1926-ൽ പള്ളിപ്പുറത്തേയ്ക്ക് മാറേണ്ടിവന്നു. (ഫാ. ഗ്രിഗരി, ibid. pp. 219-221)

### iii. പ്ലാശനാൽ സഭ

ചാവറയുടെ കാലത്തുതന്നെ ഉദയംചെയ്ത, ഒരു ചെറിയ സഭയാണ് പ്ലാശനാൽ സഭ. മാന്നാനം ആശ്രമത്തോടനുബന്ധിച്ചു നടത്തിയിരുന്ന പൊതുസെമിനാരിയിൽ, സന്യാസ വൈദിക വിദ്യാർത്ഥികളുടെ പ്രത്യേക ജീവിതശൈലി പരിഗണിച്ച് അവർ മററുള്ളവരിൽനിന്ന് മാറിതാമസിക്കണമെന്ന് തീരുമാനമുണ്ടായപ്പോൾ, രൂപതാവിദ്യാർത്ഥികളിൽ ചിലർ

ക്ക് അത് രസിച്ചില്ല. അത് തങ്ങളെ തരംതാഴ്ത്തുന്നതിനുള്ള ക്രമീകരണമായിട്ടാണ് അവർ ദർശിച്ചത്. അവരിൽ പ്രമുഖൻ, അതിസമർത്ഥനായിരുന്ന കുടക്കച്ചിറ അന്തോണി എന്ന ശമ്മാശ്ശനായിരുന്നു. ക്രമീകരണം മാററാൻ അധികാരസ്ഥാനത്തു നിന്ന് തീരുമാനമുണ്ടാവില്ല എന്ന് മനസ്സിലായപ്പോൾ, തനിയ്ക്കും സന്യാസിയാകണമെന്ന അഭ്യർത്ഥനയുമായി അദ്ദേഹം അധികാരികളെ സമീപിച്ചു. അതിനു അനുകൂലമായ പ്രതികരണം പ്രതീക്ഷിക്കാനാവില്ല എന്ന് മനസ്സിലായപ്പോൾ, ''ഞാൻ മടലൊടിച്ചു കെട്ടിയെങ്കിലും ഒരു കൊവേന്തയുണ്ടാക്കും'' എന്നു പറഞ്ഞുകൊണ്ട്, അദ്ദേഹം മാന്നാനത്തുനിന്നും പിരിഞ്ഞു (1840-ൽ).

പാലായിലെ, കട്ടക്കയം യൌസേപ്പു മല്പാൻെറ പരിശീലനം സ്വീകരിച്ചു പട്ടമേററതിനുശേഷം, പ്രഗത്ഭനായ കുടക്കച്ചിറ, അരുവിത്തുറ പള്ളി വികാരിയായിരിക്കുമ്പോൾ, വേണ്ട അനുവാദങ്ങളോടെ, പ്ലാശനാൽ ഒരാശ്രമം ആരംഭിച്ചു. ''മാന്നാനത്ത് ഒരു പുണ്യവാൻ മുളയ്ക്കുന്നതിനുമുമ്പ്, പ്ലാശനാലിൽ മുളയ്ക്കും'' എന്ന് അദ്ദേഹം പറഞ്ഞു വന്നു. അന്തോനിയച്ചൻെറ ക്ഷണമനുസരിച്ച്, ഒരിക്കൽ, ചാവറ പ്ലാശനാൽ കൊവേന്ത സന്ദർശിക്കുകയുണ്ടായി. അവിടത്തെ തപശ്ചര്യകളെക്കുറിച്ചു ചാവറ മററുള്ളവരോട് പ്രശംസിച്ചു സംസാരിക്കുകയും ചെയ്തു.

സുറിയാനി മെത്രാനെ ലഭിക്കുവാനായി, അത്യധികം പ്രയത്നിച്ചിരുന്ന അന്തോനിയച്ചൻ, അക്കാ

മൃസാദ്ധ്യത്തിനായി 1854-ലും, 1857-ലും ബാംബേ ലിലേയ്ക്കു യാത്ര കഴിച്ചു. രണ്ടാമത്തെ യാത്രാമദ്ധ്യേ, ബസ്രായിൽ വച്ച്, അദ്ദേഹം നിര്യാതനായി. അതിനുശേഷം പ്ലാശനാൽ കൊവേന്തയുടെ പുരോഗതി നിലച്ചു. 1858-ൽ വികാരി അപ്പസ്തോലിക്കാ ആ സ്ഥാപനം ചാവറയെ ഏല്പിച്ചു. പ്ലാശനാൽ, ആശ്രമജീവിതത്തിനുപററിയ സ്ഥലമല്ലെന്ന് ചാവറ അഭിപ്രായപ്പെട്ടെങ്കിലും, അധികാരിയുടെ നിർബന്ധമനുസരിച്ചു നാലുപേരെ അങ്ങോട്ടയച്ചു- താമസംവിനാ ആശ്രമാംഗങ്ങൾക്ക് മലമ്പനി പിടിപെട്ടു. ഒരാൾ തന്മൂലം മരിച്ചു. പിതാവ് തന്റെ നിർബന്ധം പിൻവലിച്ചു. അങ്ങനെ പ്ലാശനാൽ സഭയും നാമാവശേഷമായി. (ഗ്രിഗരി: pp. 10,25,26).

## IV അനന്തരവികാസം

സ്വന്തമായി മെത്രാൻമാരെ കിട്ടിയതുമുതൽ, സുറിയാനി സഭയുടെ വളർച്ച പൂർവ്വോപരി ഊർജ്ജിതമായി. പത്തു വർഷത്തെ വളർച്ചയിൽ സംപ്രീതനായ പതിമൂന്നാം ലെയോൻ പാപ്പാ, 1896-ൽ കേരളത്തിലെ സുറിയാനിക്കാർക്കായി, തൃശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു. അവയുടെ ഭരണകർത്താക്കളായി, കേരളസ്വദേശീയരായ ജോൺ മേനാച്ചേരി, ളൂവീസ് പഴേപറമ്പിൽ, മാക്കീൽ മത്തായി എന്നീ മെത്രാൻമാരെയും നിയമിച്ചു.

തുടർന്നുള്ള വളർച്ചയിൽ സംപ്രീതനായി, പതിനൊന്നാം പീയൂസ് പാപ്പാ, കേരള സുറിയാനിസഭ

യിൽ, 1923-ൽ, ഹയരാർക്കി സ്ഥാപിച്ചു. അതോടെ എറണാകുളം അതിമെത്രാസനവും, തൃശൂർ, ചങ്ങനാശ്ശേരി, കോട്ടയം മെത്രാസനങ്ങളുമായി ഉയർന്നു.

ഇതിനുശേഷമുള്ള കേരളസഭയുടെ വളർച്ച അദ്ഭുതകരമെന്നേ പറയാനുള്ളൂ. ദൈവവിളികളുടെ ഉറവിടങ്ങളായ അനേകം കുടുംബങ്ങൾ, പണ്ഡിതരും പ്രഗൽഭരുമായ വൈദികർ, വൈദികരെ വാർത്തെടുക്കാൻ ഉന്നത നിലവാരം പുലർത്തുന്ന സെമിനാരികൾ, അനേകമനേകം സന്യാസ സഭകൾ, സഭാഭിമുഖ്യത്തിൽ നടക്കുന്ന സ്കൂളുകൾ, കോളേജുകൾ, ടെക്നിക്കൽ സ്ഥാപനങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ, മുദ്രണാലയങ്ങൾ, ബാലഭവനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, വികലാംഗർക്കും മന്ദബുദ്ധികൾക്കും സങ്കേതങ്ങൾ, ഹോസ്റ്റലുകൾ, ബോർഡിംഗുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ! ഇവയിലൂടെയെല്ലാം, കേരളസഭ, ഇപ്പോൾ, ഫലസമൃദ്ധയാണ്.

അങ്ങനെ ഇന്ന്, കേരളത്തിനകത്തുതന്നെ, 12 സീറോ മലബാർ രൂപതകൾ, 9 ലത്തീൻ രൂപതകൾ, 3 സീറോ മലങ്കര രൂപതകൾ, അവയുടെ അദ്ധ്യക്ഷൻമാരായി സ്വന്തം അരുമസന്താനങ്ങൾ, കേരളത്തിലങ്ങോളമിങ്ങോളം പണ്ഡിതരും ഭക്തരുമായ വൈദികർ, സന്യാസിനീ സന്യാസികൾ, കേരളത്തിനകത്തും, ഭാരതത്തിലുടനീളവും, ദൈവരാജ്യ വികസനത്തിനായി അദ്ധ്വാനിക്കുന്ന അമ്പതിനായിരത്തിലേറെ സ്വന്തം മക്കളായ വൈദികരും, സന്യാസിനീ സന്യാസികളും, കേരളത്തിനു പുറത്തുള്ള

ള സീറോ മലബാർ മിഷൻ രൂപതകരം, അവയിലും, അവയ്ക്കു പുറമെയുള്ള പല മിഷൻ രൂപതകളി ലും ആദ്ധ്യക്ഷം വഹിക്കുന്ന സ്വന്തം മക്കൾ—ഈ ഷികസനമെല്ലാം കൺകുളിർക്കെകണ്ട്, ആഹ്ലാദിക്കുന്ന കേരളസഭാ മാതാവിനെയാണ് ഇന്നത്തെ ലോകം ദർശിക്കുക ഈ ആഹ്ലാദം പൂർത്തിയാകുന്നത്, ഇവയ്ക്കെല്ലാം നിലമൊരുക്കി. വിത്തു പാകി, വളം ചെയ്തു, കള പറിച്ച്, വളർത്തിയെടുക്കുകയും, ഭാവി വളർച്ചയ്ക്കുള്ള മുൻകരുതലുകളെടുക്കുകയും ചെയ്ത-ആ ദൗത്യനിർവ്വഹണത്തിനായി, ശാരീരികവും മാനസികവുമായി വെന്തുനീറുന്ന ഒരു ബലിവസ്തുവായി സ്വയം സമർപ്പിച്ച - കുറിയാക്കോസ് ഏലിയാസ് ചാവറ, സിസ്ററർ അൽഫോൻസായോടുകൂടി, 1986 ഫെബ്രുവരി 8-ാം തീയതി, വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടപ്പോഴാണ് — ശുഭ്രമായ ലില്ലിയോടുകൂടി ചുവന്ന റോസും അൾത്താരയിലേക്ക് ഉയരുന്നതു കണ്ടപ്പോൾ! അന്നാണ്, പത്തൊമ്പതു നൂററാണ്ട് പിന്നിട്ടിട്ടും, ഒരു പുണ്യവാനെയോ പുണ്യവതിയുടെയോ മാതാവാകുവാൻ ഭാഗ്യം ലഭിക്കാതെ, കേവലം വന്ധ്യയായികഴിഞ്ഞിരുന്ന കേരളസഭാ മാതാവ്, എലിസബത്തിനോടുകൂടെ പാടിയത്: ''മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായ അപമാനം നീക്കിക്കളയാൻ, കർത്താവ് എന്നെ കടാക്ഷിച്ച്, എനിക്കുവേണ്ടി ഇത് ചെയ്തിരിക്കുന്നു'' എന്ന്. (Lk. 1/25)

## V ചാവറയുടെ വിജയവും ട്രോഫിയും

താൻ, മാന്നാനത്ത്, പാലയ്ക്കൽ — പോരൂക്കര പിതാക്കൻമാരോടുകൂടി, സമാരംഭിച്ച ആദ്ധ്യാത്മിക

ചലനത്തിൻെറ ഏററം അടുത്ത ഉപഭോക്താവായിരുന്ന, ആർപ്പൂക്കര ഇടവകയിലെ, മുട്ടത്തുപാടം കുടുംബത്തിൽനിന്നുള്ള സി. അൽഫോൻസായെയും കൊണ്ടാണ് താൻ അംത്താരയിലെ ബഹുമാനം സ്വീകരിക്കാൻ തുടങ്ങിയത് എന്ന അഭിമാനം കേരളസഭാസമുദ്ധാരകനായ വാ. ചാവറയുടെ അനിർവ്വചനീയമായ ചാരിതാർത്ഥ്യമാണ്. ആ ''നല്ല ബുദ്ധിയുള്ള കുട്ടി'', സഹനത്തിൻെറ ചൂളയിൽ, നിരാശയുടെ വക്കിലെത്തിയ അവസരത്തിൽ, പിതൃസഹജമായ ഉൽകണ്ഠയോടെ, ചാവറ സ്വർഗ്ഗത്തിൽനിന്ന്, അവളുടെ പക്കലെത്തി അവളെ പെട്ടെന്ന് സുഖപ്പെടുത്തുകയും, സഹനത്തിൻെറ പാതയിലൂടെയുള്ള അവളുടെ ശേഷിച്ച യാത്ര, പൂർത്തിയാക്കുന്നതുവരെ, അവളെ നയിക്കുവാനായി, സി എം. ഐ. സഭയിൽ നിന്നുതന്നെ, തൻെറ രണ്ട് ആത്മീയമക്കളെ-ബ. ളൂവീസച്ചനെയും റോമുളൂസച്ചനെയും - നിഗൂഢമായി ഒരുക്കിക്കൊടുക്കുകയും ചെയ്തു എന്നത് വിസ്മരിക്കാനാവാത്ത ചരിത്രവസ്തുതയാണ്. അങ്ങനെ, ചാവറയെ പിതാവായ ദൈവം വിജയത്തിൻെറ ഒരു ''ട്രോഫി''യോടുകൂടി ബലിപീഠത്തിലേക്ക് കൈകൊടുത്തുയർത്തി.

## VI വിജയരഹസ്യം

ചാവറയുടെ വിജയരഹസ്യം സജീവവിശ്വാസവും അതിലടിയുറച്ച ദൈവപരിപാലനാവീക്ഷണവുമായിരുന്നു. ഗതിവിഗതികളും അഗ്നിപരീക്ഷണങ്ങളും ഉപരിനന്മയിലേയ്ക്കുള്ള ദൈവപരിപാ

ഭയുടെ നിഗൂഢ ക്രമീകരണമായിട്ടാണ് അദ്ദേ ഹം വീക്ഷിച്ചിരുന്നത്. സഭാംഗങ്ങൾക്കുള്ള തന്റെ ഇടയപത്രികയിൽ അദ്ദേഹം അത് സ്പഷ്ടമാ ക്കുന്നുണ്ട്: ''പ്രിയമുള്ള കുഞ്ഞുങ്ങളെ, സർവ്വേശ്വ രന്റെ വിശേഷ കൃപയാൽ, ദൈവമാതാവിന് എത്ര യും ഇഷ്ടപ്പെട്ടവരായ കർമ്മലീത്താസഭക്കാരായി നാം വിളിക്കപ്പെട്ടു. എന്നാൽ ഇത് ദൈവാലോചന യിൽ അല്ലാതെ മനുഷ്യനെടുത്ത വിചാരത്താൽ അ ല്ലായെന്ന് ഇത് ''കടലാസ്''' എന്നു കാണുംവണ്ണം ഉറപ്പിക്കുന്നു.'' (എഴുത്തുകൾ p. 99)

ചില തല്പരകക്ഷികളുടെ കുതന്ത്രങ്ങളാണ് സഭയെ ''കർമ്മലീത്താ'' ആക്കിയത് എന്ന ചിന്ത യാൽ അസംതൃപ്തരായികഴിഞ്ഞ ചിലരെ ഉദ്ദേശി ച്ചാണ് അദ്ദേഹം ഈ പ്രസ്താവന ചെയ്തത് എന്ന് സ്പഷ്ടം.

വിശ്വാസത്തിന്റെയും ദൈവേഷ്ടത്തിന്റെയും പാതയിലൂടെയുള്ള ദൗത്യനിർവ്വഹണത്തിനിടയിൽ, തിക്താനുഭവങ്ങൾ- ശത്രുത, വൈരാഗ്യം, ദൂഷ്യ ആരോപണം, ഏഷണി, മർദ്ദനം മുതലായവ-ഭാരു ങ്ങളായ അഗ്നിപരീക്ഷണങ്ങളായി രൂപം കൊണ്ടു എന്നു വരാം. പക്ഷേ, അവയെല്ലാം ദൈവപരിപാ ലനയുടെ നിഗൂഢ ക്രമീകരണത്തിൽ, ഉപരിനന്മ യിലേക്കുള്ള മൈൽക്കുററികൾ മാത്രമാണെന്ന് ആദ്ധ്യാത്മികർ അസന്ദിഗ്ദ്ധമായി വിശ്വസി ക്കുന്നു. ചരിത്രദൃഷ്ട്യാ, വസ്തുതകൾ വിലയിരു ത്തിക്കൊണ്ട്, വി. തോമസ് മോർ, തന്റെ ശിരഛേ ദനിവാസം പ്രതീക്ഷിച്ച് കാരാഗൃഹത്തിൽ കഴി

ഞ്ഞിരുന്നപ്പോൾ, ഇങ്ങനെ പ്രാർത്ഥിച്ചു: ''കർത്താവേ, എന്റെ ഏററവും വലിയ ശത്രുവിൽ എന്റെ ഏററവും വലിയ സ്നേഹിതനെ ദർശിക്കുവാനുള്ള അനുഗ്രഹം എനിക്കു നല്കണമേ. പൂർവ്വ യൗസേപ്പിന്റെ സഹോദരന്മാർ അവരുടെ സ്നേഹാദരവുകൾ വഴി, അദ്ദേഹത്തിനു നേടിക്കൊടുക്കുമായിരുന്നതിനേക്കാൾ എത്രയോ വലിയ അനുഗ്രഹമാണ്, അവരുടെ ക്രൂരത വഴി അദ്ദേഹത്തിന് നേടിക്കൊടുത്തത്!''

ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസത്തിൽ, വാ. ചാവറ, വി ഫ്രാൻസീസ് അസ്സീസിയെപ്പോലെ, പ്രശാന്തനായി, വൈദികമേലദ്ധ്യക്ഷന്മാരുടെ പ്രതികൂല നിലപാടിനെ അഭിമുഖീകരിച്ചു. അമർഷം കൂടാതെ, അധികാരവിധേയത്വത്തോടെ ബോധപൂർവ്വം മുന്നേറിയ ചാവറയുടെ നിലപാട്, അവസാനം അധികാരികളുടെ മതിപ്പും സ്നേഹവും ബഹുമാനവും ആനുകൂല്യവും നേടിയെടുക്കുക തന്നെ ചെയ്തു.

ഇതേ ദൈവപരിപാലനാവീക്ഷണമാണ് പ്രതിയോഗിയായിരുന്ന റോക്കോസിനോടും അദ്ദേഹത്തിന്റെ പാർശ്വവർത്തികളായിരുന്ന തൊണ്ടനാട് പ്രഭൃതികളോടും, മാന്യമായി പെരുമാറാനും അവർ പരാജിതരായപ്പോൾ അവരെ ''ഓടിച്ചുകളയുകയോ ഊതിക്കെടുത്തുകയോ'' ചെയ്യാതെ അവർക്ക് സ്നേഹപൂർവ്വം ആവശ്യമായ സഹായങ്ങൾ നല്കുവാനും ചാവറയ്ക്ക് ഉൾപ്രകാശം നല്കിയത്.

ഇതാ ചാവറയുടെ വിജയരഹസ്യം: വിശ്വാസത്തിലടിയുറച്ച ദൈവപരിപാലനാവീക്ഷണം!

## ഉപസംഹാരം

മുലപ്പാലോടുകൂടി, സ്വമാതാവിൻെറ ദൈവോന്മുഖതയും, മാതൃപാദേയിരുന്ന് പ്രാർത്ഥനാപരിശീലനവും സ്വായത്തമാക്കിയ ചാവറയുടെ പിഞ്ചുഹൃദയം ദൈവവചനമാകുന്ന വിത്ത് തഴച്ചുവളരുന്ന നല്ല ഭൂമിയായി രൂപംകൊണ്ടു. അതിൽ വീണ കളകളെല്ലാം ദൈവവചനം നൽകിയ ആദ്ധ്യാത്മികവാഞ്ഛയാൽ ഞെക്കിക്കൊന്നുകൊണ്ടിരിയ്ക്കെ, അനുഭവങ്ങളിൽ നിന്ന് മുൻകരുതലെടുക്കാനുള്ള ദിവ്യമായ കൂർമ്മബുദ്ധി ആ ബാലന് സംസിദ്ധമായി.

ദൈവാഹ്വാനത്തിനും അവിടത്തെ പരിപാലനക്രമീകരണങ്ങൾക്കും പരമപ്രാധാന്യം നൽകിയ ചാവറ, അവയെപ്രതി, കുടുംബവും വസ്തുവകകളും ബോധപൂർവ്വം, സധൈര്യം ഉപേക്ഷിച്ചു. ദൈവത്തിൻെറ സഭയെ അദ്ദേഹം ആത്മാർത്ഥമായി സ്നേഹിച്ചു. അതുകൊണ്ട്, അവിടത്തെ പ്രതിനിധികളായ വൈദികമേലദ്ധ്യക്ഷൻമാരോടുള്ള വിധേയത്വത്തിൽ, ആദ്യന്തം അചഞ്ചലനായി അദ്ദേഹം നിലകൊണ്ടു. അഗ്നിസ്പുട / ശോധനകൾ അതിൻെറ മാററ് വർദ്ധിപ്പിച്ചതേയുള്ളു.

കേരളസഭാമാതാവിൻെറ സമുദ്ധാരണത്തിനും വളർച്ചയ്ക്കും സംരക്ഷണത്തിനുമായി, അദ്ദേഹം തൻെറ കൂർമ്മബുദ്ധിയും ''ആദ്ധ്യാത്മികതയെ

പ്രാർത്ഥനയിൽ സമാഹരിക്കുന്ന'' കർമ്മെലീത്താസിദ്ധിയും, സീറോ മലബാർ ആരാധനാശൈലിയും ആഹ്ളാദത്തിന്റെ ആദ്ധ്യാത്മികതയും, ഭാരതീയമായ ലളിതജീവിതവും ദൈവദർശനദാഹവും കൈമുതലാക്കിക്കൊണ്ട് രംഗത്തേക്കിറങ്ങി, ശക്തികളും കഴിവുകളും പരമാവധി വിനിയോഗിച്ച്, വിസ്മയാവഹമായ വിജയം നേടി (അനുബന്ധം കാണുക).

ഈ സമുന്നതമായ ദൗത്യനിർവ്വഹണത്തിൽ, അദ്ദേഹത്തെ നിസ്തുലനാക്കിയത് അദ്ദേഹത്തിന്റെ വീരോചിതമായ സുകൃതങ്ങളും ആഴമായ പ്രാർത്ഥനാജീവിതവുമായിരുന്നു. ഇവയുടെ സമഗ്രമായ പഠനമാണ് അടുത്ത രണ്ടു ഗ്രന്ഥങ്ങളുടേയും ഉള്ളടക്കം— ''ആ സുകൃതസരണി,'' ''ആഴമായ പ്രാർത്ഥനയ്ക്ക് ലളിതമായ കുറുക്കുവഴി.''

# അനുബന്ധം

## പൗരസ്ത്യ (സീറോമലബാർ), കർമ്മലീത്താ, ഭാരതീയപാരമ്പര്യങ്ങൾ

ഇവയുടെ പ്രകടമായ പ്രത്യേകതകൾ വാ. ചാ[illegible]ടെ ജീവിതത്തെ, ആദ്യന്തം സ്വാധീനിച്ചിരുന്നു.

### 1. പൗരസ്ത്യം: (പ്രകടമായ പ്രത്യേകതകൾ)

1. "അരൂപിയിലും സത്യത്തിലുമുള്ള ആരാധന" (യോഹ. 4:23-24). സീറോമലബാർ ദിവ്യബലിയിലും, യാമപ്രാർത്ഥനകളിലും, കൂദാശകളിലും, കൂദാശാനുകരണങ്ങളിലും, ആദ്യമേതന്നെ, അരൂപിയിൽ ആരംഭിച്ച്, സത്യത്തിലൂടെ വഴിയും സത്യവും ജീവനും, (ഏകമദ്ധ്യസ്ഥനും, നിത്യപുരോഹിതനുമായ ഈശോമിശിഹായിലൂടെ) പിതാവിങ്കലേക്കുയരുന്ന ആരാധനയാണ് നടക്കുക.

### 2. ആഹ്ലാദത്തിന്റെ ആദ്ധ്യാത്മികത

അനുതാപത്തിൽനിന്നുള്ള ശരണം ഉളവാക്കുന്ന ആഹ്ലാദമാണ്, ഈ ആദ്ധ്യാത്മികത ഉന്നംവയ്ക്കുന്നത്. ദിവ്യപൂജയിൽ, ദിവ്യകാരുണ്യസ്വീകരണത്തിനുമുമ്പുള്ള കാറോസൂസയും, അതിനുശേഷം,

''സ്വർഗ്ഗസ്ഥനായ പിതാവേ'' എന്ന ജപത്തിനു ളള ആമുഖപ്രാർത്ഥനയും ഈ തിയോളജിയുടെ സംക്ഷേപമാണ്.

ഈ സീറോമലബാർ ആരാധനാക്രമം സുഭദ്രമായിരിക്കുന്നതിന് വാ. ചാവറ വിവേകപൂർവ്വം മുൻ കരുതലെടുത്തു.

II. **കർമ്മലീത്തം (പ്രകടമായ പ്രത്യേകതകൾ)**

**1) ആദ്ധ്യാത്മികതയെ പ്രാർത്ഥനയിൽ സമാഹരിക്കുന്ന വീക്ഷണം.** (ആദ്ധ്യാത്മികതയുടെ പടവികൾ, പ്രാർത്ഥനയുടെ പടവികൾ). വാ. ചാവറയുടെ മാസ്റ്റർപ്ലാനിലെ വീക്ഷണം ഇതായിരുന്നു.

**2) ദൈവജനത്തിന് കാലോചിതമായ (പ്രത്യേകിച്ച് പ്രതിസന്ധികളിൽ) പ്രാർത്ഥനാനേതൃത്വം. ഉദാഹരണം:**

1. **B. C. 8-ാം നൂററാണ്ടിൽ** (ദൈവജനത്തിനിടയിൽ പ്രവാചകപ്രാർത്ഥനയുടെ അവജ്ഞ മാററി) പ്രവാചകപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകിയത് കർമ്മലയിലെ ഏലിയനിവ്യാ ആയിരുന്നു.

2. **A. D. 16-ാം നൂററാണ്ടിൽ** മിസ്ററിക്ക് പ്രാർത്ഥനയ്ക്ക് (വ്യാജമിസ്ററിക്കുകൾക്കിടയിൽ) തിരുസഭയിൽ നേതൃത്വം നൽകുവാൻ, ദൈവപാലന ഉ

ൽകിയത് കർമ്മലസഭയിലെ വി. ത്രേസ്യായെ യും, കുരിശിൻെറ വി. യോഹന്നാനെയുമായിരുന്നു.

3. **20-ാം നൂററാണ്ടിൽ,** ഒന്നാംലോകമഹായുദ്ധ ത്തിനു ശേഷം, ആദ്ധ്യാത്മികതയിൽ തകർന്നുപോ യ യൂറോപ്പിനെ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടു ത്തുയർത്തുവാൻ ദൈവപരിപാലനയിൽ കരുവായി തീർന്നത് കർമ്മലസഭയിലെ വി. കൊച്ചുത്രേസ്യയാ ണ്.

4. **19-ാം നൂററാണ്ടിൽ,** വന്ധ്യയായ കേരളസഭ യിൽ കുടുംബപ്രാർത്ഥനയ്ക്ക് നേതൃത്വം നൽ കാൻ ദൈവപരിപാലന ഒരുക്കിയെടുത്തത്, കേരള കർമ്മലസഭയിലെ വാ. കുരിയാക്കോസ് ഏലിയായെ ആണ്.

## III. (ഭാരതീയം പ്രകടമായ പ്രത്യേകതകൾ)

1. **ലളിതജീവിതം** (വസ്ത്രം, ഭക്ഷണം മുത ലായവയിൽ

2) **ദൈവദർശനം തേടുന്ന ആദ്ധ്യാത്മികത** (ഗുരുവായൂർ, തൃപ്പതി, ശബരിമല മുതലായ സ്ഥ ലങ്ങളിലേയ്ക്കുള്ള ജനപ്രവാഹത്തിൻെറ ദാഹം ഇ ഷ്ടദേവതയുടെ മുഖദർശനമാണ്) വാ. ചാവറയു ടെ ഇഷ്ടരൂപങ്ങൾ: ഉണ്ണിയീശോ, മുൾമുടിയണി ഞ്ഞ് രക്തപങ്കിലമായ തിരുമുഖം, അരുളിക്കായി ലെ തിരുവോസ്തി.